PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

# ഉള്ളടക്കം

വിജ്ഞാപനം ............................................03
നോമ്പുകാലസന്ദേശം.................................... 07
സ്ഥാനത്യാഗ പ്രഖ്യാപനം.............................. 16
ഫാ. ജോൺ അറയ്ക്കൽ–അനുസ്മരണം.... 17
Bishop's Engagement..................................20
From the Bishop's Office..............................21
വിശ്വാസവർഷം–പ്രസംഗസഹായി.................23
നിത്യാരാധനാ കപ്പേള...................................26
വിശ്വാസപരിശീലനവേദി................................27
ബൈബിൾ അപ്പോസ്തലേറ്റ്............................31
അൾത്താരസംഘം........................................31
തിരുബാലസഖ്യം..........................................32
കെ.സി.വൈ.എം.........................................32
മാതൃസംഘം...............................................34
ഫാമിലി അപ്പോസ്തലേറ്റ്................................35
കുടുംബക്കൂട്ടായ്മ.......................................35
സെമിനാരി വാർത്തകൾ............................. 37
സി.എൽ.സി...............................................37
മദ്ധ്യവിരുദ്ധസമിതി..................................... 38
സെഹിയോൻ ധ്യാനകേന്ദ്രം..........................39
പി. എസ്. എസ്. പി.....................................40
From the Bishop's Diary...............................42

# വിജ്ഞാപനം

## ബെനഡിക്റ്റ് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗവും പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പും

**സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെസഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ബെനഡിക്റ്റ് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗംമൂലം തിരുസഭയിൽ പുതിയൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. പത്രോസിന്റെ സിംഹാസനത്തിൽ നിന്നുള്ള അദ്ദേഹത്തിന്റെ വിരമിക്കൽ ഇതിനകം സഭാമക്കൾ മനഃക്ലേശത്തോടെയാണെങ്കിലും സ്വാഗതം ചെയ്തുകഴിഞ്ഞു. യുഗപ്രഭാവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കാലശേഷം, അപ്പസ്തോലിക ശുശ്രൂഷ ആരംഭിച്ച ബെനഡിക്റ്റ് 16-ാമൻ പാപ്പ, കഴിഞ്ഞ എട്ടുവർഷത്തോളം സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടു നയിക്കുകയായിരുന്നു. പുതിയ ആഭിമുഖ്യങ്ങളും ദർശനങ്ങളും സഭയ്ക്കും ലോകത്തിനും നല്കി, ഈ ഹ്രസ്വകാല ശുശ്രൂഷകൊണ്ടുതന്നെ അദ്ദേഹം ഭാഗ്യ സ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയ്ക്ക് തികച്ചും ഉചിതനായ പിൻഗാമിയായിത്തീർന്നു.

ക്രിസ്തുവിനെയും സഭയെയും സ്വന്തമാക്കിയ സഭാതലവനായിരുന്നു ബെനഡിക്റ്റ് പാപ്പ. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള ദർശനം അതിന്റെ സമഗ്രതയിൽ സഭാമക്കളെ പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പാപ്പാസ്ഥാനത്തിന്റെ തിരക്കുകൾക്കിടയിലും, തന്റെ ബൈബിൾ

പാണ്ഡിത്യവും ദൈശാസ്ത്രജ്ഞാനവും ഉപയോഗപ്പെടുത്തി, 'നസ്രത്തിലെ ഈശോ' എന്ന മൂന്നു വാല്യമുള്ള ബ്രഹദ്ഗ്രന്ഥം എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അടിസ്ഥാനചിന്തയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ദൗത്യത്തെക്കുറിച്ചും ആ ദൗത്യത്തിനു ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായപ്രേഷിതർ, യുവജനങ്ങൾ എന്നിവർക്കു ണ്ടായിരിക്കേണ്ട ദർശനങ്ങളെ ക്കുറിച്ചും പ്രബോധനങ്ങൾ നൽകുന്നതിൽനിന്ന് അദ്ദേഹം ഒരിക്കലും വിരമിച്ചിട്ടില്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ സത്യസന്ധതയോടും പ്രതിബദ്ധതയോടും കൂടിയാണ് ബെനഡിക്ട് പാപ്പ നേരിട്ടു കൊണ്ടിരുന്നത്. സഭയുടെ നവീകരണത്തിനും ലോകവുമായുള്ള സംവാദത്തിനും രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെയാണ് അദ്ദേഹം മാർഗ്ഗദർശകമാക്കിയത്. കൗൺസിൽ പ്രബോധ നങ്ങൾ വെറുമൊരു ക്രൈസ്തവ ഹ്യൂമനിസം മാത്രമായി ചുരുക്കേ ണ്ടതല്ലെന്ന് മനസ്സിലാക്കി അതിൽ അന്തഃസ്ഥിത മായിരിക്കുന്ന ക്രൈസ്തവ വിശ്വാസദർശനത്തെ വെളിച്ചത്തു കൊണ്ടു വരുന്നതിനും അത് വിശ്വാസികളുടെ സാധാരണ ജീവിതത്തിൽ അനുഭവവേദ്യ മാക്കുന്നതിനും ബെനഡിക്റ്റ് പാപ്പ ഇക്കാലമത്രയും അക്ഷീണം യത്നിച്ചു.

പരി. കുർബാനയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും നടന്ന അവസാനരണ്ടു സിനഡുകളിലൂടെ, വചനവും കൂദാശയും തമ്മിലുള്ള പരസ്പരപൂരക സ്വഭാവത്തെയും സഭാഗാത്രത്തോടു സഗാഢം ഒന്നിച്ചിരിക്കുന്ന ക്രിസ്തുദർശന ത്തെയും അദ്ദേഹം സഭാമക്കൾക്ക് വരച്ചുകാട്ടി. ലോകമാസകലം, പ്രത്യേകിച്ച് യൂറോപ്പിൽ, ക്രിസ്തുവിന്റെ സുവിശേഷം വർദ്ധിച്ച പ്രേഷിത തീക്ഷ്ണതയോടും നവീനഅജപാലന മാർഗ്ഗങ്ങളോടും അവതരണ ശൈലികളോടുംകൂടി സഭയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വിശ്വാസപരിശീലന മേഖലയിലെ നൂതനാഭി മുഖ്യങ്ങൾക്ക് ആക്കം കൂട്ടാൻ നവ സുവിശേഷവത്കരണത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ എന്ന പുതിയ കാര്യാലയം തന്നെ പാപ്പ സ്ഥാപിച്ചു.

പ്രായാധിക്യംമൂലമുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്നു വെങ്കിലും തികച്ചും ഫലവത്തും സുശക്തവുമായ നേതൃത്വമാണ് ബെനഡിക്റ്റ് 16-ാമൻ പാപ്പ സഭയ്ക്ക് നൽകിയത്. സഭാമക്കൾ മാത്രമല്ല

ലോകംമുഴുവനും ഇത് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ആശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന പിതാവ് തന്റെ പ്രാർത്ഥനയും സഹനവും വഴി സഭാദൗത്യത്തിൽ നമ്മോടുകൂടി എപ്പോഴും ഉണ്ടാവും. പരി. പിതാവിനോടുള്ള കൃതജ്ഞത നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. നമ്മുടെ പ്രാർത്ഥനകളിൽ അദ്ദേഹത്തെ അനുസ്മരിക്കാം. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിലൂടെ ദൈവം നമുക്ക് നൽകിയ ദാനങ്ങളെക്കുറിച്ച് കൃതജ്ഞത അർപ്പിക്കുന്നതിനായി സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിന്റെ നിർദ്ദേശപ്രകാരം ഫെബ്രുവരി 22-ാം തിയതി പ്രാർത്ഥനാദിനമായി നമ്മുടെ രൂപതകളിലെല്ലാം ആചരിച്ചുകാണുമല്ലോ. അന്ന് അതിന് സാധിക്കാത്തവർ മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസം പ്രാർത്ഥ നാദിനം ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഫെബ്രുവരി 28-ാം തിയതി റോമൻ സമയം വൈകുന്നേരം 8.00 മണിയോടെയാണ് പരിശുദ്ധ പിതാവിന്റെ സ്ഥാനത്യാഗം ഫല ത്തിൽ വരുന്നത്. അത് ഇന്ത്യൻ സമയം മാർച്ച് ഒന്നാം തിയതി അർദ്ധ രാത്രി കഴിഞ്ഞായിരിക്കും. അന്നുമുതൽ പുതിയ മാർപ്പാപ്പയെ തിര ഞ്ഞെടുക്കുന്നതുവരെ കുർബ്ബാനകളിലും മറ്റ് ആരാധനാ കർമ്മങ്ങ ളിലുമുള്ള അനുസ്മരണങ്ങളിൽ പരിശുദ്ധ പിതാവിനുവേണ്ടി പേരു പറഞ്ഞ് പ്രാർത്ഥിക്കുന്ന ഭാഗം ഉപേക്ഷിച്ചുകൊണ്ട് മേജർ ആർച്ച് ബിഷ പ്പിനും മറ്റുരൂപതാദ്ധ്യക്ഷന്മാർക്കും വേണ്ടി പ്രാർത്ഥിച്ചാൽ മതിയെന്ന് വത്തിക്കാനിൽ നിന്നുള്ള അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട് എന്ന കാര്യം എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

അടുത്ത മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സഭയെ സംബന്ധി ച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന വലിയ സംഭവമാണല്ലോ. അതിനായുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഏറ്റം പ്രധാന പ്പെട്ട ഒരുക്കം പ്രാർത്ഥനവഴിയാണ് നടക്കേണ്ടത്. കർദ്ദിനാളന്മാരുടെ സംഘം കോൺക്ലേവായി കൂടുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗ്ഗനിർദ്ദേശവും അവർക്കു ലഭിക്കുന്നതിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. സീറോ-മലബാർ സഭയിലെ എല്ലാ രൂപതകളിലും ഇതിനായുള്ള പ്രത്യേകപ്രാർത്ഥനനടത്തേണ്ടതാണ്. അതിനു സഹായകമായ ഒരു പ്രാർത്ഥനഏവർക്കും ലഭ്യമാക്കുന്നതാണ്. കോൺക്ലേവിന്റെ ദിവസ ങ്ങൾ സഭ മുഴുവന്റെയും പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കട്ടെ.

പരിശുദ്ധാത്മാവിനെകാത്തിരുന്ന ശ്ലീഹന്മാരെപോലെ പരി. അമ്മയോടൊപ്പം നമുക്കെല്ലാം തീക്ഷ്ണതയോടെ ഈ ദിവസങ്ങളിൽ പ്രാർത്ഥനാനിരതരായിരിക്കാം.

പുതിയ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിയിപ്പ് ലഭിച്ചാലുടൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ആഹ്ലാദ സൂചകമായി കുറച്ചു സമയത്തേക്ക് കൂട്ടമണി അടിക്കേണ്ടതാണ്. അതിനടുത്തുവരുന്ന ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതാബലി അർപ്പിക്കുകയും വേണം.

പരിശുദ്ധ പിതാവിന്റെ വിടവാങ്ങൽ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും കോൺക്ലേവിൽ ചേരുന്നതിനുമായി ഫെബ്രുവരി 25-ാം തീയതി ഞാൻ റോമിലേക്കു പോവുകയാണ്. പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പിനുശേഷം വലിയ ആഴ്ച്ചയ്ക്കു മുൻപായി നാട്ടിൽ തിരിച്ചെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ കാലഘട്ടത്തിൽ സഭാനൗകയെ നയിക്കുവാൻ തികച്ചും യോഗ്യനായ വ്യക്തിയെ, പരിശുദ്ധാത്മാവിന്റെ നിവേശനത്തിനു വിധേയരായി തെരഞ്ഞെടുക്കുവാൻ കർദ്ദിനാൾ സംഘത്തിനു സാധിക്കുന്നതിനായി സർവ്വ ശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം.

ഈ നോമ്പുകാലം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ! രൂപതാദ്ധ്യക്ഷനോടുചേർന്ന് നിങ്ങൾക്കെല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടിതന്നെ ഞാൻ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിൻ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് ഫെബ്രുവരി മാസം 22 -ാം തിയതി നൽകപ്പെട്ടത്.

---

NB: ഈ വിജ്ഞാപനം **2013 മാർച്ച് 3 ന് അല്ലെങ്കിൽ 10-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

**പരിശുദ്ധ പിതാവിന്റെ തിരഞ്ഞെടുപ്പിനായുള്ള പ്രാർത്ഥന**

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അജഗണത്തെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് ഞങ്ങൾക്ക് നല്കുന്നുവല്ലോ. പത്രോസിന്റെ പിൻഗാമിയായ പുതിയ മാർപാപ്പായെ തിരഞ്ഞെടുക്കാൻ കൂടുന്ന കോൺക്ലേവിലെ എല്ലാ കർദ്ദിനാൾമാരെയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി ക്രിസ്തുവിന്റെ വികാരിയായ മാർപാപ്പായെ തിരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവത്രികസഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും യോഗ്യനായ അജപാലക ശ്രേഷ്ഠനെ മാർപാപ്പായായി ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമേൻ

# നോമ്പുകാലസന്ദേശം - 2013

## ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ

***"സ്നേഹത്തിൽ വിശ്വസിക്കുകയെന്നത് സ്നേഹിക്കാൻ ആവശ്യപ്പെടുന്നു"***

***"ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്യുന്നു" (1 യോഹ 4:16)***

പ്രിയസഹോദരീസഹോദരന്മാരേ,

വിശ്വാസവർഷത്തിന്റെ സാഹചര്യത്തിലെ വലിയ നോമ്പാചരണം വിലപ്പെട്ട ഒരവസരം നമുക്കു നല്കുന്നു. വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ധ്യാനിക്കാനുള്ള അവസരം തന്നെ. ദൈവത്തിൽ - യേശുക്രിസ്തുവിന്റെ ദൈവത്തിൽ - വിശ്വസിക്കുകയെന്നതും സ്നേഹിക്കുകയെന്നതും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു ധ്യാനിക്കുന്നത്. സ്നേഹമാകട്ടെ, പരിശുദ്ധാത്മാവിന്റെ ഫലമാണ്. അത് നമ്മെ ദൈവത്തോടുള്ള ഭക്തിയുടെയും മറ്റുള്ളവരോടുള്ള സമർപ്പണത്തിന്റെയും വഴിയിൽ നയിക്കുന്നു.

**1. വിശ്വാസം ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ**

എന്റെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ വിശ്വാസം, സ്നേഹം എന്നീ ദൈവീകപുണ്യങ്ങൾ തമ്മിലുള്ള ഉറ്റ ബന്ധത്തെക്കുറിച്ചുള്ള ചില ചിന്തകൾ ഞാൻ പങ്കുവച്ചിരുന്നു. "ദൈവത്തിനു നമ്മോടുള്ള സ്നേഹം, നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16) എന്നിങ്ങനെയുള്ള വിശുദ്ധ യോഹന്നാന്റെ മൗലിക പ്രസ്താവനയോടെയാണ് ഞാൻ തുടങ്ങിയത്. "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിന്റെ ഫലമാണ്. ആ കണ്ടുമുട്ടൽ ജീവിതത്തിനു പുതിയൊരു ചക്രവാളവും നിർണായകമായ മാർഗ്ഗനിർദ്ദേശവും നല്കുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു (cf 1 യോഹ 4:10). അതുകൊണ്ട് സ്നേഹിക്കുകയെന്നത് ഇപ്പോൾ വെറുമൊരു കല്പനയല്ല. പിന്നെയോ ദൈവം നമ്മോട് അടുത്തുവരുന്നതിന്റെ ഹേതുവായ സ്നേഹമെന്ന ദാനത്തോടുള്ള ഒരു പ്രത്യുത്തരമാണ്" (ദൈവം സ്നേഹമാകുന്നു,1) എന്നിങ്ങനെ പ്രസ്താവിക്കുകയും ചെയ്തു.

വിശ്വസമെന്നത്, യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ടതും ദൈവത്തിനു നമ്മോടുള്ളതുമായ സൗജന്യപരവും തീവ്രവുമായ സ്നേഹത്തിന്റെ വെളിപാടിനോടുള്ള വ്യക്തിപരമായ ഒട്ടിച്ചേരലാണ്. അത് നമ്മുടെ എല്ലാ കഴിവുകളുംകൊണ്ടുള്ള ഒട്ടിച്ചേരലാണ്. സ്നേഹമാകുന്ന ദൈവം ഹൃദയത്തെ മാത്രമല്ല ബുദ്ധിശക്തിയെയും പ്രവർത്തിപ്പിക്കുന്നു. "ജീവിക്കുന്ന ദൈവത്തെ അംഗീകരിക്കുകയെന്നത് സ്നേഹത്തിലേക്കുള്ള ഒരു വഴിയാണ്. അവിടത്തെ ഇഷ്ടം നമ്മൾ അനുസരിക്കുമ്പോൾ ആ അനുസരണം നമ്മുടെ ബുദ്ധിശക്തി, ഇച്ഛാശക്തി, വികാരങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നു. സർവാശ്ലേഷിയായ സ്നേഹത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ ഈ പ്രക്രിയ എപ്പോഴും മുന്നേറുന്നതാണ്. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല"(ദൈവം സ്നേഹമാകുന്നു, 17).

അതുകൊണ്ട് എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച്, പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നവർക്ക്, വിശ്വാസം ആവശ്യമുണ്ട്. എന്തെന്നാൽ "അവരുടെ സ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും മറ്റുള്ളവരോടുള്ള അവരുടെ താത്പര്യം ഉണർത്തുകയും ചെയ്യുന്ന ഒന്നാണ് ക്രിസ്തുവിൽ ദൈവത്തെ കണ്ടെത്തുകയെന്നത്. ഇതിന്റെ ഫലമായി അവർക്ക് അയൽപക്കക്കാരോടുള്ള സ്നേഹമെന്നത് പുറമേ നിന്ന് അടിച്ചേല്പിക്കുന്ന ഒരു കല്പന യായിരിക്കുകയില്ല. പിന്നെയോ തങ്ങളുടെ വിശ്വാസത്തിന്റെ ഒരു അനന്തരഫലമായിരിക്കും. സ്നേഹത്തിലൂടെ സജീവമാകുന്ന ഒന്നാണല്ലോ വിശ്വാസം" (ദൈവം സ്നേഹമാകുന്നു, 31a).

ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് അവർ ആ സ്നേഹ ത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടവരാണ്: "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കോറി 5:14). വസ്തുനിഷ്ഠമായ രീതികളിൽ അയൽക്കാരെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നവരാണവർ. (cf ദൈവം സ്നേഹമാകുന്നു, 33). കർത്താവു സ്നേഹിക്കുകയും ക്ഷമിക്കുകയും ശ്ലീഹന്മാരുടെ കാലുകഴുകാൻ കുനിഞ്ഞുനിന്നുകൊണ്ട് സേവിക്കുകയും മനുഷ്യവംശത്തെ ദൈവസ്നേഹത്തിലേക്ക് അടുപ്പിക്കാൻ കുരിശിൽ സ്വയം സമർപ്പിക്കുകയും ചെയ്തുവെന്ന ബോധത്തിൽ നിന്നാണ് പ്രധാനമായും ഈ മനോഭാവമുണ്ടാകുന്നത്.

"ദൈവം തന്റെ പുത്രനെ നമുക്കു നല്കിയെന്ന് വിശ്വാസം നമ്മോടു പറയുന്നു. അതു യഥാർത്ഥത്തിൽ സത്യമാണെന്നതിനു വിജയകരമായ ഉറപ്പുനല്കുകയും ചെയ്യുന്നു: ദൈവം സ്നേഹമാണ്. കുരിശിൽ യേശുവിന്റെ മുറിവേറ്റ ഹൃദയത്തിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തെ വിശ്വാസം കാണുന്നു. ആ വിശ്വാസം സ്നേഹത്തിന് ജന്മം നല്കുന്നു. സ്നേഹമാണു പ്രകാശം. അവസാനം അതുമാത്രമാണു മങ്ങിയ ലോകത്തെ എപ്പോഴും പ്രകാശിപ്പിക്കുന്ന പ്രകാശം ജീവിക്കാനും അധ്വാനിക്കാനും വേണ്ട ധൈര്യം തരുന്ന പ്രകാശം അതാണ്" (ദൈവം സ്നേഹമാകുന്നു, 39).

"വിശ്വാസത്തിൽ വേരുറച്ചതും വിശ്വാസത്താൽ രൂപീകരിക്കപ്പെട്ടതുമായ സ്നേഹം" (ദൈവം സ്നേഹമാകുന്നു, 7) ആണ് ക്രിസ്ത്യാനികളെ തിരിച്ചറിയാനുള്ള പ്രധാനപ്പെട്ട

അടയാളമെന്നും മനസ്സിലാക്കാൻ ഇതെല്ലാം നമ്മെ സഹായിക്കുന്നു.

**2. പരസ്നേഹം വിശ്വാസത്തിലുള്ള ജീവിതമെന്ന നിലയിൽ**

ക്രൈസ്തവജീവിതം മുഴുവനും ദൈവസ്നേഹത്തോടുള്ള പ്രത്യുത്തരമാണ്. നമുക്കു മുമ്പേ പോകുന്നതും നമ്മെ വിളിക്കുന്നതുമായ അപൂർവ്വ ദൈവികപ്രാരംഭത്തെ വിസ്മയത്തോടും നന്ദിയോടും കൂടി നാം അംഗീകരിക്കണം. അംഗീകരിക്കലെന്ന നിലയിലുള്ള വിശ്വാസമാണ് ആദ്യത്തെ പ്രത്യുത്തരം. വിശ്വാസത്തിനു നല്കുന്ന സമ്മതം കർത്താവുമായുള്ള സൗഹൃദബന്ധത്തിന്റെ പ്രകാശമാനമായ കഥയുടെ തുടക്കം കുറിക്കുന്നു. അത് നമ്മുടെ മുഴുവൻ ജീവിതത്തെയും നിറയ്ക്കുകയും അതിന് പൂർണമായ അർത്ഥം നല്കുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ സൗജന്യദാനമായ സ്നേഹത്തെ നാം സ്വീകരിക്കുന്നതുകൊണ്ടു മാത്രം അവിടന്ന് തൃപ്തനാകുന്നില്ല. അവിടന്ന് നമ്മെ സ്നേഹിക്കുക മാത്രമല്ല ചെയ്യുന്നത്. നമ്മെ തന്നിലേക്ക് അടുപ്പിക്കാനും നമ്മെ രൂപാന്തരപ്പെടുത്താനും അവിടന്ന് ആഗ്രഹിക്കുക കൂടി ചെയ്യുന്നു. "ഇനിമേൽ ജീവിക്കുന്നതു ഞാനല്ല, പിന്നെയോ ക്രിസ്തു എന്നിൽ ജീവിക്കുന്നു" (cf ഗലാ 2:20) എന്നു വിശുദ്ധ പൗലോസിനോടൊപ്പം പറയാൻ പാകത്തിനു രൂപാന്തരപ്പെടുത്താനാണ് അവിടന്ന് ആഗ്രഹിക്കുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിനു നമ്മിൽ സ്ഥാനം നല്കുമ്പോൾ നാം അവിടത്തെപ്പോലെയാകും. അവിടത്തെ സ്നേഹത്തിൽ പങ്കുചേരും. നാം അവിടത്തെ സ്നേഹത്തോടു തുറവുള്ളവരാകുമ്പോൾ നമ്മിൽ ജീവിക്കാൻ നാം അവിടത്തെ അനുവദിക്കുന്നു. അവിടത്തോടൊപ്പം അവിടന്നിൽ അവിടത്തെപ്പോലെ സ്നേഹിക്കാനും പ്രാപ്തരാകുന്നു. അപ്പോൾ മാത്രമേ നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ "സ്നേഹത്തിലൂടെ സജീവ" മാകുകയുള്ളൂ (ഗലാ 5:6). അപ്പോൾ മാത്രമേ അവിടന്നു നമ്മിൽ നിവസിക്കുകയുള്ളൂ (cf 1 യോഹ 4:12).

വിശ്വാസമെന്നത് സത്യത്തെ അറിയുകയും അതിനോട് ഒട്ടിച്ചേരുകയും ചെയ്യലാണ് (cf 1 തിമോ 2:4). പരസ്നേഹമെന്നത് സത്യത്തിൽ "നടക്കൽ" ആണ് (cf എഫേ 4:15). വിശ്വാസത്തിലൂടെ നമ്മൾ കർത്താവുമായുള്ള സൗഹൃദത്തിലേക്കു പ്രവേശിക്കുന്നു. പരസ്നേഹത്തിലൂടെ നാം ആ സൗഹൃദത്തിൽ ജീവിക്കുകയും അതിനെ

വളർത്തുകയും ചെയ്യുന്നു (cf യോഹ 15:14 ff). നമ്മുടെ കർത്താവും ഗുരുവുമായ യേശുവിന്റെ കല്പനയെ ആശ്ലേഷിക്കാൻ വിശ്വാസം നമുക്കു കാരണമായിത്തീരുന്നു. സ്നേഹം അതു പ്രയോഗത്തിലാക്കുന്നതിലുള്ള സന്തോഷം നല്കുന്നു (cf യോഹ 13:13-17). വിശ്വാസത്തിൽ നാം ദൈവമക്കളായി ജനിപ്പിക്കപ്പെടുന്നു (cf യോഹ 1:12 ff). പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചുകൊണ്ടു നമുക്കു ദൈവികപുത്രത്വത്തിൽ വസ്തുനിഷ്ഠമായി തുടരുവാൻ കാരണമായിത്തീരുന്നു. നല്ലവനും ഉദാരതാപൂർണനുമായ ദൈവം നമ്മെ ഏല്പിച്ച ദാനങ്ങൾ മനസ്സിലാക്കാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു (cf മത്താ 25:14-30).

**3. വിശ്വാസവും പരസ്നേഹവും തമ്മിലുള്ള അലംഘ്യമായ ബന്ധം**

മുകളിൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, വിശ്വാസവും പരസ്നേഹവും തമ്മിൽ വേർതിരിക്കാനോ അവയെ പരസ്പരവിരുദ്ധങ്ങളായി കാണാനോ നമുക്ക് ഒരിക്കലും കഴിയുകയില്ലെന്നത് വ്യക്തമാണ്. ഇപ്പറഞ്ഞ രണ്ടു ദൈവികപുണ്യങ്ങളും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അവയെ വ്യത്യസ്തങ്ങളായോ വിരുദ്ധങ്ങളായോ കരുതുന്നത് വഴിതെറ്റിക്കുന്ന ചിന്തയാണ്. ഒരുവശത്ത് വിശ്വാസത്തിന്റെ മുൻഗണനയിലും നിർണായകത്വത്തിലും ശക്തമായ ഊന്നൽ നല്കുന്നതും പരസ്നേഹപ്രവർത്തനങ്ങളെ അവ്യക്തമായ മാനുഷികതാവാദമായി ചുരുക്കുന്നതും ഏറെ പക്ഷപാതപരമായിരിക്കും. മറുവശത്ത്, വിശ്വാസത്തിന്റെ സ്ഥാനം പ്രവർത്തനത്തിനു നല്കുന്നത്, പരസ്നേഹത്തിന്റെ മുൻഗണനയ്ക്കും അത് ഉത്പാദിപ്പിക്കുന്ന പ്രവർത്തനത്തിനും നല്കുന്നത്, സഹായകരമായിത്തീരുകയില്ല. വിശ്വാസമാത്രവാദത്തെയും ധർമ്മികപ്രവർത്തനമാത്രവാദത്തെയും ഉപേക്ഷിക്കുക ഗുണകരമായ ആധ്യാത്മികജീവിതത്തിന് അത്യാവശ്യമാണ്.

ക്രൈസ്തവജീവിതം ദൈവത്തെ കാണാൻ നിരന്തരം മലയിലേക്കു കയറലും സഹോദരീസഹോദരന്മാരുടെ അടുക്കലേക്ക് ഇറങ്ങലുമാണ്. ദൈവത്തിൽ നിന്നു സ്വീകരിച്ച സ്നേഹവും ശക്തിയും വഹിച്ചുകൊണ്ട് മലയിറങ്ങുന്നത് അവരെ ദൈവത്തിന്റെ തന്നെ സ്നേഹംകൊണ്ട് സേവിക്കുവാനാണ്. സുവിശേഷം പ്രഘോഷിക്കാനും ജനങ്ങളുടെ വിശ്വാസം ഉണർത്താനും അപ്പസ്തോലന്മാർക്കുണ്ടായിരുന്ന തീക്ഷ്ണത ദരിദ്രർക്കു സേവനം ചെയ്യാൻ പരസ്നേഹവുമായി ഉറ്റബന്ധം പുലർത്തിയിരുന്നുവെന്ന് വിശുദ്ധ ലിഖിതത്തിൽ കാണാം (cf അപ്പ 6:1-4).

സഭയിൽ ധ്യാനവും പ്രവർത്തനവും സുവിശേഷത്തിലെ മറിയത്തിന്റെയും മർത്തയുടെയും പ്രതീകങ്ങളാണ്. അവ രണ്ടും ഒന്നിച്ചു നിലകൊള്ളുന്നു. അവ പരസ്പരപൂരകങ്ങളാണ് (cf ലൂക്ക 10:38-42). ദൈവവുമായുള്ള ബന്ധത്തിനാണ് എപ്പോഴും മുൻഗണന നല്കേണ്ടത്. വസ്തുവകകളുടെ യഥാർത്ഥമായ ഏതു പങ്കുവയ്ക്കലും സുവിശേഷചൈതന്യത്തിൽ, വിശ്വാസത്തിൽ വേരുറച്ചിരിക്കുകയും വേണം (cf General Audience, 25 April 2012).

ചിലപ്പോൾ പരസ്നേഹത്തെ ദൃഢൈക്യമാക്കി ചുരുക്കാനും ദൃഢൈക്യത്തെ കേവലം മാനുഷികതാപരമായ സഹായമാക്കി ചുരുക്കാനും നമുക്കു പ്രവണതയുണ്ടാകാം. എന്നാൽ ഏറ്റവും വലിയ പരസ്നേഹപ്രവർത്തനം സുവിശേഷവത്കരണമാണെന്ന വസ്തുത ഓർമ്മിക്കുക സുപ്രധാന കാര്യമാണ്. അത് വചനശുശ്രൂഷയാണ്: ദൈവവചനത്തിന്റെ അപ്പം മുറിച്ചുനല്കുക സുവിശേഷം പങ്കുവയ്ക്കുക, ദൈവവുമായുള്ള ബന്ധത്തിലേക്കു പ്രവേശിപ്പിക്കുക. ഇതിനെക്കാൾ ഉപകാരപ്രദമോ തന്മൂലം പരസ്നേഹപരമോ ആയ പ്രവൃത്തിയില്ല: സുവിശേഷവത്കരണം മനുഷ്യവ്യക്തിയുടെ ഏറ്റവും ഉന്നതവും ഏറ്റവും സമഗ്രവുമായ വളർത്തലാണ്. ദൈവദാസനായ പോൾ ആറാമൻ മാർപാപ്പാ "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുള്ളതുപോലെ, വികസനത്തിനുള്ള പ്രഥമവും പ്രധാനവുമായ സഹായം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രബോധനമാണ് (cf n. 16). ദൈവത്തിനു നമ്മോടുള്ള സ്നേഹമെന്ന പ്രാഥമിക സത്യത്തിൽ ജീവിക്കുകയും അതു പ്രഘോഷിക്കുകയും വേണം. അതാണ് നമ്മുടെ ജീവിതത്തെ ഈ സ്നേഹം സ്വീകരിക്കാൻ സജ്ജമാക്കുന്നതും പൊതുവേ മനുഷ്യവംശത്തിന്റെയും ഓരോ വ്യക്തിയുടെയും സമഗ്രവികസനം സാധ്യമാക്കുന്നതും (cf സത്യത്തിൽ സ്നേഹം, 8).

സാരാംശപരമായി, എല്ലാം ദിവ്യസ്നേഹത്തിൽ നിന്നു പുറപ്പെടുകയും ദിവ്യസ്നേഹത്തിലേക്കു നയിക്കുകയും ചെയ്യുന്നു. സുവിശേഷപ്രഘോഷണത്തിലൂടെ ദൈവത്തിന്റെ ഉദാരതാപൂർണമായ സ്നേഹം നമ്മെ അറിയിച്ചിരിക്കുന്നു. നാം അതിനെ വിശ്വാസത്തോടെ സ്വീകരിച്ചാൽ ദൈവവുമായുള്ള പ്രഥമവും അനുപേക്ഷണീയവുമായ സമ്പർക്കം നമുക്കുണ്ടാകുന്നു. "ദിവ്യസ്നേഹവുമായുള്ള സ്നേഹബന്ധം സ്ഥാപിക്കാൻ" അതു നമ്മെ ശക്തരാക്കുന്നു. പിന്നീട് നാം ആ ദിവ്യസ്നേഹത്തിൽ നിവസിക്കുന്നു. അതിൽ വളരുന്നു. സന്തോ

ഷപൂർവം നാം അതു മറ്റുള്ളവർക്കു പകർന്നു നല്കുന്നു.

വിശ്വാസവും പരസ്നേഹപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഒരു പാഠഭാഗം എഫേസോസുകാർക്കുള്ള ലേഖനത്തിലുണ്ട്. അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഏറ്റവും നല്ല വിവരണം നല്കുന്നത് അതാണ്: "വിശ്വാസം വഴി കൃപയിലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല. ആരും അതിൽ അഹങ്കരിക്കാതാരിക്കുന്നതിനു തന്നെ. നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2:8-10).

രക്ഷാകരമായ മുഴുവൻ പ്രാരംഭവും ദൈവത്തിൽനിന്ന്, അവിടത്തെ കൃപയിൽനിന്ന്, വിശ്വാസത്തിൽ സ്വീകരിച്ച അവിടത്തെ ക്ഷമയിൽനിന്ന്, വരുന്നുവെന്ന് ഇവിടെ വ്യക്തമായി കാണാം. എന്നാൽ ഈ പ്രാരംഭ പ്രവർത്തനം നമ്മുടെ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തെയും പരിമിതപ്പെടുത്തുന്നില്ല. മറിച്ച്, അവയെ യഥാർത്ഥമാക്കുകയും പരസ്നേഹപ്രവർത്തനങ്ങളിലേക്ക് അവയെ നയിക്കുകയുമാണ് ചെയ്യുന്നത്. ഇവ ഒന്നാമതായി മാനുഷികപ്രയത്നത്തിന്റെ ഫലമല്ല. ഇവയിൽ അഹങ്കരിക്കാനില്ല. ഇവ വിശ്വാസത്തിൽ നിന്നു ജനിക്കുന്നു, ദൈവം സമൃദ്ധമായി നല്കുന്ന, കൃപയിൽനിന്ന് ഒഴുകിവരുന്നു.

പ്രവൃത്തി കൂടാത്ത വിശ്വാസം ഫലമില്ലാത്ത വൃക്ഷം പോലെയാണ്. ഈ രണ്ടു സദ്ഗുണങ്ങളും പരസ്പരം ഉൾക്കൊണ്ടിരിക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ പരമ്പരാഗത അഭ്യസനങ്ങൾ വഴി ശ്രദ്ധാപൂർവകവും സുദീർഘവുമായ ദൈവവചനശ്രവണവും കൂദാശകളുടെ സ്വീകരണവും വഴി നമ്മുടെ വിശ്വാസത്തെ വളർത്താനും അതേസമയം ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ വളരാനും വലിയ നോമ്പ് നമ്മെ ക്ഷണിക്കുന്നു. ഉപവാസം, പ്രായശ്ചിത്തം, ധർമ്മദാനം എന്നിവയിലൂടെയാണ് അങ്ങനെയുള്ള വളർച്ച നേടേണ്ടത്.

**4. വിശ്വാസത്തിനു മുൻഗണന, പരസ്നേഹത്തിന്റെ പ്രഥമ്യം**

ദൈവത്തിന്റെ ഏതു ദാനവുമെന്നപോലെ വിശ്വാസവും പരസ്നേഹവും ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ നിന്ന് ഉദ്ഭ

വിക്കുന്നു (cf 1 കോറി 13). നമ്മുടെ ഉള്ളിൽ "ആബാ പിതാവേ" (ഗലാ 46) എന്നു വിളിക്കുകയും "യേശു കർത്താവാണ്" (1 കോറി 12:3), "കർത്താവേ വന്നാലും" (1 കോറി 16:22; വെളി 22:20) എന്നിങ്ങനെ നമ്മെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് തന്നെ.

ദാനവും പ്രത്യുത്തരവുമെന്ന നിലയിൽ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം അറിയാൻ നമ്മെ കഴിവുള്ളവരാക്കുന്നു: ക്രിസ്തു മനുഷ്യാവതാരം ചെയ്ത് ക്രൂശിക്കപ്പെട്ടവനാണെന്ന്, പിതാവിന്റെ ഇഷ്ടത്തെ പൂർണമായി അനുസരിച്ചവനാണെന്ന്, അയൽക്കാരനോടുള്ള അനന്തമായ ദൈവികസ്നേഹമാണെന്ന്, അറിയാൻ കഴിവു നല്കുന്നു. തിന്മയെയും മരണത്തെയും കീഴടക്കാൻ ഈ ദിവ്യസ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന ദൃഢമായ അവബോധം ഹൃദയങ്ങളിലും മനസ്സുകളിലും വിശ്വാസം നട്ടുപിടിപ്പിക്കുന്നു. പ്രത്യാശയെന്നപുണ്യത്തോടെ ഭാവിയിലേക്കു നോക്കാൻ വിശ്വാസം നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം നേടുന്ന വിജയം പൂർണതയിലെത്തുമെന്ന ആത്മാർത്ഥമായ പ്രതീക്ഷയോടെയാണ് അങ്ങനെ ചെയ്യുന്നത്.

ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്തിലേക്ക് പരസ്നേഹം നമ്മെ ഉണർത്തുന്നു. നിത്യപിതാവിനും തന്റെ സഹോദരീസഹോദരന്മാർക്കും യേശു നടത്തിയ പൂർണവും വ്യവസ്ഥാതീതവുമായ സമർപ്പണത്തിൽ വ്യക്തിപരമായും അസ്തിത്വപരമായും പങ്കുചേരുന്നവരാക്കുന്നു. പരിശുദ്ധാത്മാവ് ഈ സ്നേഹംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറച്ചുകൊണ്ട് യേശുവിനു ദൈവത്തോടുള്ള പുത്രസഹജമായ ഭക്തിയിലും ഓരോ മനുഷ്യനോടുമുള്ള സാഹോദര്യപരമായ ഭക്തിയിലും നമ്മെ പങ്കുകാരാക്കുന്നു (cf റോമ 5:5)

ഇപ്പറഞ്ഞ രണ്ടു സദ്ഗുണങ്ങളും തമ്മിലുള്ള ബന്ധം സഭകളുടെ രണ്ട് മൗലികകൂദാശകളിൽ പ്രതിബിംബിക്കുന്നുണ്ട്. മാമ്മോദീസയും കുർബാനയുമാണ് ആ കൂദാശകൾ. മാമ്മോദീസ (വിശ്വാസത്തിന്റെ കൂദാശ) കുർബാനയ്ക്ക് (സ്നേഹത്തിന്റെ കൂദാശക്ക്) മുമ്പേ പോകുന്നു. എന്നാൽ അതു കുർബാനയിലേക്കു നയിക്കുന്നതാണ്. കുർബാന ക്രൈസ്തവയാത്രയുടെ പൂർണതയാണല്ലോ. അതുപോലെ വിശ്വാസം പരസ്നേഹത്തിനു മുമ്പേ പോകുന്നു. പക്ഷേ, വിശ്വാസം പരസ്നേഹത്താൽ മുടിചൂടപ്പെടുന്നെങ്കിൽ മാത്രമേ യഥാർത്ഥമാകൂ.

വിനയപൂർവം വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് എല്ലാം തുടങ്ങുന്നു; ദൈവത്താൽ സ്നേഹിക്കപ്പെടുന്നുണ്ടെന്ന വിശ്വാസത്തിൽ നിന്നുതന്നെ. എന്നാൽ പരസ്നേഹത്തിന്റെ സത്യത്തിലേക്ക് എത്തിച്ചേരണം (ദൈവത്തെയും അയൽക്കാരനെയും എങ്ങനെ സ്നേഹിക്കാമെന്ന് അറിയുന്നതിലേക്ക് എത്തിച്ചേരണം). പരസ്നേഹം എല്ലാ സദ്ഗുണങ്ങളുടെയും പൂർത്തീകരണമായി എന്നേക്കും നിലകൊള്ളുന്നു (cf 1 കോറി 13:13).

പ്രിയ സഹോദരീസഹോദരന്മാരേ, വലിയ നോമ്പുകാലത്ത് കുരിശിന്റെയും ഉത്ഥാനത്തിന്റെയും സംഭവം അനുസ്മരിക്കാൻ നാം ഒരുങ്ങുകയാണല്ലോ. ആ സംഭവത്തിൽ ദൈവസ്നേഹം ലോകത്തെ വീണ്ടെടുക്കുകയും അതിന്റെ പ്രകാശത്തെ ചരിത്രത്തിന്മേൽ പ്രസരിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ നിങ്ങൾ എല്ലാവരും വിലപ്പെട്ട ഈ സമയം യേശു ക്രിസ്തുവിലുള്ള വിശ്വാസം വീണ്ടും ഉജ്വലിപ്പിക്കാൻ ചെലവഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനോടൊപ്പം പിതാവിനോടുള്ള സ്നേഹത്തിന്റെ പ്രവർത്തനത്തിലേക്കും നമ്മുടെ ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള പ്രവർത്തനത്തിലേക്കും ഓരോ വ്യക്തിയും കടക്കുന്നതിനുവേണ്ടിയാണത്. ഈ നിയോഗത്തിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും കർത്താവിന്റെ ആശീർവാദം ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വത്തിക്കാനിൽ നിന്ന്,

**ബെനഡിക്ട് 16-ാമൻ മാർപാപ്പാ**

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**

കൊച്ചി - 682 025/08.02.2013/Ref: 2634/K 35/OL/KCBC/DS

# ബനഡിക്ട് പതിനാറാമൻ മാർപാപ്പ നടത്തിയ സ്ഥാനത്യാഗ പ്രഖ്യാപനം

പ്രിയ സഹോദരങ്ങളേ,

ഈ സമ്മേളനം (കൺസിസ്റ്ററി) ഞാൻ വിളിച്ചത് മൂന്നുപേരുടെ വിശുദ്ധപദപ്രഖ്യാപനത്തിനുവേണ്ടി മാത്രമല്ല, സഭയെ സംബന്ധിച്ച സുപ്രധാനമായ ഒരു തീരുമാനം അറിയിക്കുന്നതിനു കൂടിയാണ്. പത്രോസിന്റെ സിംഹാസനത്തിലെ ശുശ്രൂഷകൾ ഉചിതമായി നിർവ്വഹിക്കാൻ പ്രായാധിക്യം മൂലം വേണ്ടത്ര കരുത്തില്ലെന്നു ദൈവസന്നിധിയിൽ ആവർത്തിച്ചു നടത്തിയ ആത്മപരിശോധനയിൽ എനിക്കു വ്യക്തമായി. വാക്കുകളും പ്രവർത്തനങ്ങളും മാത്രമല്ല പ്രാർത്ഥനയും സഹനവും ഈ ആധ്യാത്മിക ശുശ്രൂഷ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമാണ് എന്നതിനെക്കുറിച്ച് എനിക്കു നല്ല ബോധ്യമുണ്ട്.

വിശ്വാസജീവിതത്തിന്റെ ആഴമായ പ്രസക്തിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെയും ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെയും പിടിയിൽ അമർന്നിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പത്രോസിന്റെ പടവിനെ നയിക്കാനും സുവിശേഷം പ്രഘോഷിക്കാനും മനസ്സിനും ശരീരത്തിനും ശക്തി ആവശ്യമാണ്. കഴിഞ്ഞ കുറേ മാസങ്ങളായി ശാരീരിക ആരോഗ്യം ക്ഷയിച്ചുവരുന്നതിനാൽ എന്നെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ വേണ്ടവിധം നിർവഹിക്കാനുള്ള ബുദ്ധിമുട്ട് അംഗീകരിക്കുന്നു. ഇക്കാരണത്താൽ, ഇതിന്റെ ഗൗരവം പൂർണമായി ഉൾക്കൊണ്ടുകൊണ്ടു ഞാൻ പ്രഖ്യാപിക്കുന്നു-

2005 ഏപ്രിൽ 19 ന് കർദിനാൾമാർ എന്നെ ഭരമേല്പിച്ച റോമിന്റെ മെത്രാനും പത്രോസിന്റെ പിൻഗാമിയും എന്ന പദവി പൂർണ സ്വാതന്ത്ര്യത്തോടെ വേണ്ടെന്നു വയ്ക്കുന്നു. 2013 ഫെബ്രുവരി 28 ന് രാത്രി 8 മുതൽ വിശുദ്ധപത്രോസിന്റെ സിംഹാസനം ഒഴിഞ്ഞുകിടക്കും. പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനുള്ള കോൺക്ലേവ് അതിനു യോഗ്യരായവർ വിളിച്ചുചേർക്കണം.

പ്രിയ സഹോദരങ്ങളെ, എന്നോട് നിങ്ങൾ കാണിച്ച സ്നേഹത്തിനും എന്റെ ശുശ്രൂഷയ്ക്കു നൽകിയ പിന്തുണയ്ക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുകയും എന്നിൽ നിന്നു വന്ന തെറ്റുകൾക്ക്

മാപ്പുചോദിക്കുകയും ചെയ്യുന്നു. ഇപ്പോൾ നമ്മുടെ വലിയ ഇടയനും നാഥനുമായ യേശുക്രിസ്തുവിനു തിരുസഭയെ നമുക്കു ഭരമേല്പിക്കുകയും പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പു സുഗമമായി നടത്താൻ കർദ്ദിനാൾമാർക്കു സഹായം നൽകണമെന്നു പരി. അമ്മയോട് പ്രാർത്ഥിക്കുകയും ചെയ്യാം.

എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പ്രാർത്ഥനയ്ക്കായി സമർപ്പിച്ച ജീവിതത്തിലൂടെ തിരുസഭയെ ഭാവിയിലും ഭക്തിപൂർവ്വം സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 2013 ഫെബ്രുവരി 10

**ബനഡിക്ട് പതിനാറാമൻ മാർപാപ്പ**

# ഫാ. ജോൺ അറയ്ക്കൽ
## (അനുസ്മരണക്കുറിപ്പ്)

പാലക്കാട് രൂപതയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വൈദികരിൽ 8-ാമത്തെ വ്യക്തിയാണ് ബഹു. ജോൺ അറയ്ക്കലച്ചൻ. കോതമംഗലം രൂപതയിലെ നാഗപ്പുഴ ഇടവകയിൽ പുരാതന അറയ്ക്കൽ കുടുംബത്തിൽ കുര്യാക്കോസ് അന്ന ദമ്പതികളുടെ രണ്ട് ആൺമക്കളിൽ ഇളയവനായിരുന്ന അദ്ദേഹം 1938 സെപ്തംബർ 11-ാം തിയ്യതി ജനിച്ചു. 1943-ൽ കുടുംബാംഗങ്ങൾ പാലക്കാട് പനംക്കുറ്റി ഭാഗത്ത് കുടിയേറിപ്പാർത്തു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപഠനം 1958 -ൽ തൃശ്ശൂർ മൈനർ സെമിനാരിയിലും തുടർന്ന് പൂനെയിലെ പേപ്പൽ സെമിനാരിയിലും ആയിരുന്നു. പഠനത്തിൽ എന്നും മുന്നിലായിരുന്നു ജോണച്ചൻ. പ്രശസ്ത ബഹുമതിയോടെ പഠനം പൂർത്തിയാക്കി. 1968 ഒക്ടോബർ 2-ാം തിയ്യതി അദ്ദേഹം വൈദികനായി ഉയർത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതയിലെ അരിമ്പൂർ ഇടവക അസ്തേന്തിയായിട്ടായിരുന്നു ആദ്യനിയമനം. ജോണച്ചന്റെ കഴിവുകൾ മനസ്സിലാക്കിയ തൃശ്ശൂർ രൂപതയുടെ ദിവംഗതനായ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് അദ്ദേഹത്തെ 1968 പി.ഒ.സി.യുടെ രൂപീകരണവേളയിൽ ബഹു. ജോസഫ് കണ്ണാത്തച്ചന്റെ സഹപ്രവർത്തകനായും പിന്നീട് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി അധ്യാപകനായും നിയമിക്കുകയുണ്ടായി.

ഉപരിപഠനത്തിനായി 1969-ൽ വിദേശത്തേക്ക് പുറപ്പെട്ട ജോണച്ചൻ ആസ്ട്രിയയിലെ ഇൻസ് ബ്രുക്ക്, ജർമ്മനിയിലെ സാർബ്രൂക്കൺ, ട്യുബിംഗൻ യൂണിവേഴ്സിറ്റികളിൽ 1994 വരെ ഗവേഷണപഠനത്തിനും അധ്യാപനത്തിനുമായിട്ടായിരുന്നു ചെലവഴിച്ചത്. നാട്ടിൽ തിരിച്ചെത്തിയതിനുശേഷം ഇരുമ്പുകച്ചോല ഇടവകയിലായിരുന്നു വികാരിയായി ശുശ്രൂഷ ആരംഭിച്ചത്. തുടർന്ന് ഒലിപ്പാറ, കാരാപ്പാടം, അലനല്ലൂർ, നെല്ലിയാംമ്പതി, സീതാർകുണ്ട് എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പൊൽപ്പുള്ളി സെറാഫിക് നൊവിഷ്യേറ്റ് ഭവനത്തിലെ കപ്ലോൻ ആയി വിശ്രമജീവിതം നയിക്കുമ്പോഴാണ് 2013 ജനുവരി 5-ാം തിയ്യതി ഹൃദയാഘാതം മൂലം പാലക്കാട് പാലന, തങ്കം, തൃശ്ശൂർ ജൂബിലി മിഷൻ, എറണാകുളം ലിസി ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സയിലായത്. ഗുരുതരമായ ബ്ലോക്കുകൾ ഉള്ളതിനാൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് അദ്ദേഹം വിധേയനായി. പ്രത്യക്ഷത്തിൽ ജോണച്ചന് അസുഖ ലക്ഷണങ്ങളില്ലായിരുന്നെങ്കിലും ഹൃദയാഘാത ത്തോടെ കിഡ്നിയുടെയും ശ്വാസകോശങ്ങളുടെയും പ്രവർത്തനങ്ങൾ വളരെ ദുർബലമായി കാണപ്പെട്ടു. ഡോക്ടർമാരുടെ വിദഗ്ദ ചികിത്സയും പരിചരണവും ലഭിച്ചിരുന്നെങ്കിലും ദൈവപിതാവിന്റെ പദ്ധതി മറ്റൊന്നായിരുന്നതിനാൽ 2013 ഫെബ്രുവരി ഞായറാഴ്ച രാത്രി 10.15ന് ബഹു. ജോണച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പൗരോഹിത്യ ശുശ്രൂഷയിൽ 47 വർഷം പിന്നിട്ട ബഹു. ജോണച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ പെട്ടെന്ന് മനസ്സിൽവരുന്നത് ഗിരിപ്രഭാഷണത്തിലെ "ശാന്തശീലർ ഭാഗ്യവാൻമാർ അവർ ഭൂമി അവകാശമാക്കും" എന്ന മഹദ്വചനമാണ്. പ്രകൃത്യാ ശാന്തനും വിനീതനുമായ ബഹു. ജോണച്ചൻ, താൻ സേവനം ചെയ്ത ഇടവകകളിലെ ജനങ്ങളെ തന്റെ സൗമ്യമായ വാക്കുകൾകൊണ്ടും ശാന്തമായ ജീവിതശൈലിക്കൊണ്ടും ആകർഷിക്കുകയും സ്വന്തമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മൃതസംസ്കാരത്തിൽ പങ്കെടുക്കുവാൻ പനംക്കുറ്റിയിലെ വീട്ടിലും രാജഗിരി പള്ളിയിലും വന്നുചേർന്ന വൻജനാവലി തന്നെ അദ്ദേഹത്തിന് ജനഹൃദയങ്ങളിൽ ഉണ്ടായിരുന്ന സ്വീകാര്യതയാണല്ലോ വ്യക്തമാക്കുന്നത്. ശാന്തവും അനാർഭാടവും ലളിതസുന്ദരവുമായ ജീവിതംപോലത്തന്നെ

ശാന്തമായിരുന്നു ബഹു. ജോണച്ചന്റെ അന്ത്യവും കടന്നുപോകലും.

കുടുംബാംഗങ്ങളുമായി ബഹു. ജോണച്ചൻ പുലർത്തിയ സ്നേഹബന്ധവും അവർക്ക് അച്ചനോടുണ്ടായിരുന്ന ആത്മബന്ധവും ബഹുമാനവും ഏവർക്കും മാതൃകയോഗ്യമാണ്. വേദനയുടെ മൂർദ്ധാവിലും അച്ചൻ പുലർത്തിയ പ്രശാന്തത ചികിത്സിച്ച ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പ്രശംസയ്ക്ക് കാരണമായി.

പൗരോഹിത്യ ദൈവവിളിയിൽ "പഠിക്കുകയും പഠിപ്പിക്കുകയുമാണ്" തന്റെ ഉൾവിളിയെന്ന് അദ്ദേഹം നന്നായി തിരിച്ചറിഞ്ഞതിനാലാണല്ലോ ജീവിതത്തിലെ ഏറിയപങ്കും പഠനത്തിനും ഗവേഷണത്തിനുമായി ചെലവഴിച്ചത്. വായനയിലൂടെയും ആഴമായ വിചിന്തിനങ്ങളിലൂടെയും സ്വരൂപിച്ചെട്ടുത്ത ആശയങ്ങളായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണ ലേഖനങ്ങളിൽ പ്രകടമായിരുന്നത്. എന്നാൽ എഴുതി തീർത്ത പലതും പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

ഗവേഷണ പഠനഗ്രന്ഥങ്ങളടങ്ങിയ വിപുലമായ അദ്ദേഹത്തിന്റെ ലൈബ്രറി രൂപതയ്ക്കായി വിൽപ്പത്രത്തിലൂടെ സമ്മാനിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന സാഹിത്യകാരന്മാരിൽ പലരുമായി ജോണച്ചന് ആഴമേറിയ സുഹൃദ്ബന്ധമുണ്ടായിരുന്നു എന്നത് അധികമാരും മനസ്സിലാക്കികാണുകയില്ല. അറിവിന്റെ അഹംഭാവമൊന്നും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇല്ലായിരുന്നുവെന്നത് എടുത്തുപറയേണ്ടി യിരിക്കുന്നു. വിനയവും വിജ്ഞാനവും വിശുദ്ധിയും ഒത്തിണങ്ങിയ അദ്ദേഹത്തിന്റെ ജീവിതം എല്ലാവർക്കും മാതൃകയാവട്ടെ. നിത്യ പുരോഹിതനായ യേശുനാഥന്റെ തിരുമുഖദർശനം ലഭിക്കുവാൻ അദ്ദേഹത്തിന് സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം, ഒപ്പം അദ്ദേഹത്തിന്റെ മാധ്യസ്ഥ്യവും നമുക്കുണ്ടായിരിക്കട്ടെ.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ

2013



# BISHOP'S Engagements

**2013 March**

| | |
|---|---|
| 2 | St. George L.P. School, Seenkara |
| 3 | Parish Visit |
| 6 | Precana, Yuvakshetra |
| 7 | Sehion Retreat Centre, Thavalam Pettikkal |
| 10 | Parish Visit |
| 12 | Mannuthi |
| 17 | Parish Visit |
| 23 | Minor Orders, St. Mary's Minor Seminary Kalleppully |
| 24 | Palm Sunday, Cathedral |
| 25 | Chrism Mass, Cathedral |
| 28 | Maundy Thursday, Cathedral |
| 29 | Good Friday, Cathedral |
| 28 | Holy Saturday, Cathedral |
| 31 | Easter, Cathedral |

**2013 April**

| | |
|---|---|
| 1 | Meeting Pastoral Centre |
| 4 | Vocation Camp, St. Mary's Minor Seminary Kalleppully |
| 6 | *Kudumba Sammelanam*, Pastoral Centre |
| 7 | St. Raphael's Cathedral, Palakkad |




### ആശംസകൾ

മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും രൂപതാ ചാൻസലർ മോൺ. ജോസഫ് വെളിയത്തിൽ അച്ചനും മറ്റെല്ലാ വൈദികർക്കും തിരുനാൾ ആശംസകൾ.

### മാസധ്യാനം

മാർച്ചുമാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോന കളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

### സൈത്ത് വെഞ്ചിരിപ്പ്

ഈ വർഷത്തെ സൈത്ത് വെഞ്ചിരിപ്പിന്റെ തിരുക്കർമ്മങ്ങൾ മാർച്ച് 25-ാം തിയ്യതി രാവിലെ 10.30ന് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. അന്നത്തെ ധ്യാനത്തിലും സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്.

### പെസഹാവ്യാഴം പിരിവ്

സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നമ്മുടെ ഇടവകകളിൽ നിന്നും പെസഹാവ്യാഴാഴ്ച നൽകാറുള്ള സംഭാവനയെപ്പറ്റി ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് ലഭിക്കുന്ന തുക മെയ് 31ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണം. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ഇതിൽ ഉദാരമായി സഹകരിക്കേണ്ടതാണ്.

### ദൈവവിളിധ്യാനം & ഇന്റൻസീവ് കാറ്റികിസം

രൂപതയിലെ ദൈവവിളിധ്യാനത്തെക്കുറിച്ചും ഇന്റൻസീവ് കാറ്റികിസത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കായി സെമിനാരി വാർത്തകൾ കാണുക.

**വിവിധ പിരിവുകൾ**

2012-2013 വർഷത്തെ രൂപതാദിന പിരിവ്, മിഷൻ ഞായർ പിരിവ്, പ്രേഷിത വർഷത്തേക്കായുള്ള ഒരു ഞായറാഴ്ചത്തെ സ്തോത്രകാഴ്ച എന്നിവ ഈ മാസം തന്നെ എല്ലാ പള്ളികളും സ്ഥാപനങ്ങളും രൂപതാ കാര്യാലത്തിൽ ഏല്പ്പിക്കുക. ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

**രൂപതാബുള്ളറ്റിൻ വരിസംഖ്യ**

ഈ വർഷത്തെ രൂപതാബുള്ളറ്റിൻ വരിസംഖ്യ അടക്കായ്ത്തവർ അത് എത്രയും പെട്ടെന്ന് രൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കേണ്ടതാണ്.

**കുർബാനയുടെ പുതുക്കിയധർമ്മം**

കെ.സി.ബി.സി.യുടെ തീരുമാനമനുസരിച്ച് സാധാരണകുർബാന ധർമ്മം 2013 ജനുവരി 1 മുതൽ 75 രൂപയായിരിക്കും.

ആഘോഷമായ കുർബാന (പാട്ടുകുർബാന) -150 രൂപ

വിഹിതങ്ങൾ - കാർമ്മികൻ 100, കപ്യാർ 20, ഗായകസംഘം 20, പള്ളി 10

**Parish Account Software**

പള്ളികളിലും സ്ഥാപനങ്ങളിലും മറ്റും ഉപയോഗിക്കുവാനുള്ള “Church Accs Plus” സോഫ്റ്റ്വെയർ തയ്യാറായിരിക്കുന്നു. പാലക്കാട് ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്നും മാർച്ച് 1 മുതൽ CD ലഭ്യമാണ്.

**Appointment**

**റവ. ഫാ. വടക്കേക്കര ജോജി :** രൂപതാ വൊക്കേഷൻ പ്രമോട്ടർ, w.e.f. 13 February 2013

## അഭിനന്ദനങ്ങൾ

ഏറ്റവും മികച്ച സംവിധായകനുള്ള സംസ്ഥാന അവാർഡ് നേടിയ പാലക്കാട് രൂപതയിലെ ഒറ്റപ്പാലം സെന്റ് ജോസഫ് ഫൊറോന ഇടവകാംഗമായ ശ്രീ. ലാൽ ജോസിന് രൂപതാംഗങ്ങളുടെ അഭിനന്ദനങ്ങൾ



# വിശ്വാസവർഷം-പ്രസംഗസഹായി (നമ്പർ-9)

ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസത്തേയും, യേശുനാമത്തിന്റെ ശക്തിയേയുംക്കുറിച്ച് കഴിഞ്ഞ പഠനങ്ങളിൽ നാം ധ്യാനിച്ചു. അടുത്ത രണ്ട് ആഴ്ച്ചകളിലായി പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽ നിന്നും പിറന്ന മിശിഹാതമ്പുരാനെപറ്റിയാണ് നാം പരിചിന്തനം ചെയ്യുന്നത്. യേശു പരിശുദ്ധാത്മാവിലാണ് ഗർഭസ്ഥനായത്. ദൈവത്തിന്റെ പൂർണത മുഴുവൻ ആരിൽ വസിക്കുന്നുവോ അവനെ ഗർഭം ധരിക്കാനാണ് മറിയം ക്ഷണിക്കപ്പെട്ടത്. ഞാൻ പുരുഷനെ അറിയാത്തതിനാൽ ഇത് എങ്ങനെ സംഭവിക്കുമെന്ന അവളുടെ ചോദ്യത്തിനു പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കുമെന്നാണ് ദൈവിക മറുപടി. മറിയത്തിന്റെ ഉദരം പവിത്രീകരിക്കപ്പെടാനും അവളിൽ നിന്നു എടുക്കപ്പെട്ട മനുഷ്യപ്രകൃതിയിൽ പിതാവിന്റെ നിത്യസുതനെ ഗർഭം ധരിക്കാനുമായി അവളെ സജ്ജീകരിച്ചുകൊണ്ട് ദൈവികമായ ഗർഭധാരണം സാധ്യമാക്കാനാണ് കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവ് അയക്കപ്പെട്ടത്. (CCC485)

പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പ ഇതിനെപ്പറ്റി ഇപ്രകാരമാണ് പഠിപ്പിക്കുന്നത്: "വിശ്വാസം പ്രകടിപ്പിക്കുന്ന ദൈവപുത്രത്വം ജീവശാസ്ത്രപരമല്ല, സത്താപരമായ വസ്തുതയാണ് (The divine sonship of which faith speaks is not a biological, but an ontological fact) അതു സമയത്തിൽ സംഭവിച്ച ഒന്നല്ല., ദൈവത്തിന്റെ നിത്യത്വത്തിൽ സംഭവിച്ചതാണ്. ദൈവം എപ്പോഴും പിതാവും, പുത്രനും പരിശുദ്ധാത്മാവുമാണ്." (ക്രിസ്തുധർമ്മ പ്രവേശിക, ജോസഫ് കാർഡിനാൾ റാറ്റ്സിംഗർ, p.364)

രക്ഷാകരചരിത്രത്തിന്റെ നിർണ്ണായക വഴിത്തിരിവുകളിലെല്ലാം അത്ഭുതകരമായ ജനനങ്ങൾ സംഭവിക്കുന്നതിന്റെ പരമ്പരതന്നെ കാണാം. പഴനിയമത്തിൽ ഇസഹാക്കിന്റെ അമ്മയായ സാറ (ഉത്പത്തി 18), സാമുവേലിന്റെ അമ്മയായ ഹന്ന (1സാമു.1-3). സാംസന്റെ അമ്മ (ന്യായാധിപൻമാർ13) ഇവരൊക്കെ വന്ധ്യകളായിരുന്നു. ഇസ്രായേലിന്റെ രക്ഷയ്ക്കു വലിയ സംഭാവനകൾ നല്കാനിരുന്ന അവരുടെ മക്കളുടെ ജനനത്തിലൂടെ മാനുഷികമായി അസാധ്യമായ കാര്യങ്ങൾ സാധ്യമാക്കുന്നവനാണ് ദൈവം എന്നു വെളിപ്പെടുത്തി. സ്നാപകയോഹന്നാന്റെ അമ്മയായ എലിസബത്തിലൂടെ അതു തുടർന്നു (ലൂക്കാ1,7-25). ഇതിന്റെയെല്ലാ പൂർണതയാണ് പരിശുദ്ധ കന്യകാമറിയത്തിൽ കണ്ടെത്തുക. തന്റെ പുത്രന്റെ അമ്മയായിരിക്കാൻ ദൈവം ഹവ്വായുടെ സന്താനപരമ്പരയിൽ നിന്നു കന്യകാമറിയത്തെ തിരഞ്ഞെടുത്തു. അങ്ങനെ മനുഷ്യനായിത്തീർന്ന, ദൈവം തന്നെയായ നിത്യനായ ദൈവപുത്രന്റെ അമ്മയാണ് മറിയം. മനുഷ്യനായിതീർന്ന ദൈവ

പുത്രന്റെ അമ്മയായി തീർന്ന പരിശുദ്ധമറിയം ഉത്ഭവത്തിന്റെ ആദ്യമിനിഷങ്ങളിൽതന്നെ ഉത്ഭവപാപത്തിൽ നിന്നും പരിപൂർണ്ണവിമുക്തയായി പരിരക്ഷിക്കപ്പെട്ടു. പരിശുദ്ധ കന്യകാമറിയത്തെപ്പറ്റിയുള്ള വിശ്വാസസത്യങ്ങളായ 'ദൈവമാതൃത്വം' 'അമലോത്ഭവം' എന്നിവയെപ്പറ്റി നമുക്ക് അല്പനേരം ധ്യാനപൂർവ്വം ചിന്തിക്കാം.

പരിശുദ്ധമറിയം ദൈവമാതാവാണെന്നത് സഭയുടെ വിശ്വസസത്യമാണ്. "അവിടുന്ന് കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു" എന്ന് നിഖ്യാകോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റു പറയുന്നുണ്ട്. മനുഷ്യവതാരം ചെയ്ത ഈശോ പൂർണ്ണമനുഷ്യനും, പൂർണ്ണ ദൈവുമാണ്. എന്നാൽ അവിടുത്തെ വ്യക്തിത്വം, ദൈവിക വ്യക്തിത്വമാണ്. അതിനാൽ യേശുവിന്റെ അമ്മയെ ദൈവമാതാവെന്നു വിശേഷിപ്പിക്കണമെന്നും 431-ലെ എഫേസൂസ് സൂനഹദോസ് പ്രഖ്യാപിച്ചു. ഈ വിശ്വസ പ്രഖ്യാപനത്തിൽ രണ്ടു കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 1, എല്ലാ അമ്മമാരും തങ്ങളുടെ കുഞ്ഞിന്റെ രൂപീകരണത്തിനു കാരണമാകുന്നതു പോലെ യേശുവിന്റെ മനുഷ്യത്വത്തിനു ആവശ്യമായതെല്ലാം സംഭാവന ചെയ്തത് മറിയമാണ്. 2, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെ ഗർഭംധരിച്ച് പ്രസിവിച്ചതിനാൽ മറിയം ദൈവമാതാവാണ്. അനാദിയിലേയുള്ള അവിടുത്തെ അസ്ഥിത്വത്തിന്റെ മാതാവെന്ന നിലയിലല്ല, മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാന്റെ മാതാവ് എന്ന നിലയിലാണ് മറിയം ദൈവമാതാവാകുന്നത്.

മറിയത്തിന്റെ ദൈവമാതൃത്വത്തെ തിരുവചനവും, വിശുദ്ധ പാരമ്പര്യവും ഒരു പോലെ പിന്തുണയ്ക്കുന്നുണ്ട്.

ലൂക്കാ 1:39- എലിസബത്ത് മറിയത്തെ 'കർത്താവിന്റെ അമ്മ' എന്നാണ് വിളിക്കുന്നത്.

ലൂക്കാ 1:35- "നിന്നിൽനിന്നു പിറക്കുന്നവൻ... ദൈവപുത്രൻ എന്നു വിളിക്കപ്പെടും" എന്ന മംഗളവാർത്ത ദൈവമാതൃത്വത്തിനു തെളിവാണ്.

ഗലാ. 4:4- "സമയത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രൻ സ്ത്രീയിൽ നിന്നു ജാതനായി" എന്ന വി. പൗലോസിന്റെ പരാമർശവും സമാനാർത്ഥത്തിലാണ്.

ദൈവമാതാവ് എന്നർത്ഥത്തിലാണ് സഭാപാരമ്പര്യം മറിയത്തെ വിശേഷിപ്പിക്കാൻ പല പഴയനിയമ പ്രതീകങ്ങളും ഉപയോഗിക്കുന്നത്: സമാഗമകൂടാരം(സങ്കീ86:3), സിയോൻ നഗരം(സങ്കീ. 45:5), ദിവ്യജ്ഞാനത്തിന്റെ സിംഹാസനം (സുഭാ.8:22), വാഗ്ദാന പേടകം, ദാവീദിന്റെ കോട്ട, സ്വർഗ്ഗത്തിന്റെ കവാടം. മുതാലായ വിശേഷണങ്ങളെല്ലാം ദൈവമാതൃത്വത്തിലേക്കാണ് വിരൽച്ചൂണ്ടുന്നത്.

പരിശുദ്ധ കന്യകാമറിയത്തെ പറ്റിയുള്ള രണ്ടാമത്തെ വിശ്വാസ സത്യമാണ് അമലോത്ഭവം. ദൈവത്തിന്റെ കൃപാവരത്താൽ നിറഞ്ഞ മറിയം (നന്മനിറഞ്ഞ മറിയം) അവളുടെ ഉത്ഭവനിമിഷം മുതൽത്തന്നെ രക്ഷിക്കപ്പെട്ടവളാണെന്ന സത്യം നൂറ്റാണ്ടുകളായി സഭ ഏറ്റുപറഞ്ഞിരുന്നതാണ്. 1854 ൽ ഒൻപതാം പീയൂസ് മാർപാപ്പ Inefabilis Deus എന്ന തിരുവെഴുത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം സഭയുടെ വിശ്വസ സത്യമായി പ്രഖ്യാപിച്ചു. ഉത്ഭവപാപത്തിന്റെ കറയിൽ നിന്നു ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ മറിയം പരിരക്ഷിക്കപ്പെട്ടത് ക്രിസ്തുവിന്റെ കുരിശിലെ ബലിയുടെ മുൻയോഗ്യതയാലാണ്. വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ "സ്വപുത്രന്റെ യോഗ്യതകളെ മുൻനിറുത്തി കൂടുതൽ ഉന്നതമായ രീതിയിൽ രക്ഷിക്കപ്പെട്ടവളാണ് അവൾ"(LG 53).

മറിയത്തിന്റെ അമലോത്ഭവത്തിന് വി. ഗ്രന്ഥത്തിലും സഭാപാരമ്പര്യത്തിലും അടിസ്ഥാനമുണ്ട്. ലൂക്കാ 1:28 ൽ 'കൃപനിറഞ്ഞവളേ' യെന്നാണ് അഭിസംബോധന ചെയ്യുന്നത്. അവളിൽ പാപത്തിന്റെ മാലിന്യമില്ല എന്നതിനുള്ള സ്വർഗ്ഗത്തിന്റെ സാക്ഷ്യമാണ് ഈ വാക്കുകൾ. ലൂക്കാ 1:41 ൽ "നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ, നിന്റെ ഉദരത്തിന്റെ ഫലവും വാഴ്ത്തപ്പെട്ടത്" എന്ന എലിസബത്തിന്റെ ഏറ്റുപറച്ചിലിൽ മറിയത്തിന്റെ പാപമില്ലായ്മയെ അവളുടെ ഉദരഫലമായ ഈശോയുടെ പാപമില്ലാമയോടാണ് താരതമ്യം ചെയ്തിരിക്കുന്നത്.

മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ച് പൗരസ്ത്യ സഭാപിതാവായ വി. എഫ്രേം ഇപ്രകാരം എഴുതുന്നു, "നിന്നിൽ കളങ്കമില്ലാത്തതുപോലെ അല്ലയോ ദൈവമേ, നിന്റെ അമ്മയും കളങ്കരഹിതയാണ്. നീയും, നിന്റെ അമ്മയും മാത്രമേ പൂർണ്ണമായിട്ടും പാപരഹിതരായിട്ടുള്ളൂ". പൗരസ്ത്യ സഭാപിതാക്കൻമാർ മറിയത്തെ 'സർവ്വവിശുദ്ധ'(Panagia) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ചിന്തകനായ എയാഡ്മർ അമലോത്ഭവത്തിനു നല്കുന്നത് മൂന്നു വാക്കുകളിലൊതുങ്ങുന്ന വ്യാഖ്യാനമാണ് 'Potuit, Decuit, ergo Fecit'. Potuit-ദൈവത്തിനു മറിയത്തെ അമലോത്ഭവയാക്കാൻ സാദ്ധ്യമായിരുന്നു, Decuit-തന്റെ പുത്രനു മാതാവാകേണ്ടവളെ ദൈവത്തിനു പാപരഹിതയായി സൃഷ്ടിക്കേണ്ടതുണ്ടായിരുന്നു, Fecit-അതിനാൽ ദൈവം അപ്രകാരം മറിയത്തെ അമലോത്ഭവയായി സൃഷ്ടിച്ചു.

ചുരുക്കത്തിൽ മറിയത്തെക്കുറിച്ചുള്ള ഈ വിശ്വാസ പ്രഖ്യാപനങ്ങൾ ക്രിസ്തുവിനെക്കുറിച്ചുള്ള കത്തോലിക്ക വിശ്വാസത്തെ കൂടുതൽ പ്രകാശിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തെപ്പറ്റിയുള്ള വേറെ രണ്ടു വിശ്വസ സത്യങ്ങളാണ് നിത്യകന്യകാത്വവും, സ്വർഗ്ഗാരോപണവും. അവ അടുത്ത പരമ്പരയിൽ പഠനവിഷയമാക്കും.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Apr-13 | TUE | Rev. Fr. Karikkattil Ceejo |
| 3-Apr-13 | WED | Rev. Fr. Kizhakkedath Roy |
| 4-Apr-13 | THU | Rev. Fr. Kizhakkedath Thom |
| 5-Apr-13 | FRI | Rev. Fr. Kochuparambil Jose |
| 6-Apr-13 | SAT | Rev. Fr. Kochupurackal Peter |
| 8-Apr-13 | MON | Rev. Fr. Kodakasseril Jomis |
| 9-Apr-13 | TUE | Rev. Fr. Kolamkanny Justin |
| 10-Apr-13 | WED | Rev.Fr. Kozhipadan Tony |
| 11-Apr-13 | THU | Rev. Fr. Kulampallil Thomas |
| 12-Apr-13 | FRI | Rev. Fr. Kulampil Jose |
| 13-Apr-13 | SAT | Rev. Fr. Kulampil Abin |
| 15-Apr-13 | MON | Rev. Fr. Kuruthukulngara Peter |
| 16-Apr-13 | TUE | Rev. Fr. Kuttikadan Aljo |
| 17-Apr-13 | WED | Rev. Fr. Kuttipuzhakaran Sanil |
| 18-Apr-13 | THU | Rev. Fr. Malekudiyil Sherjo |
| 19-Apr-13 | FRI | Rev. Fr. Maliekal George |
| 20-Apr-13 | SAT | Rev. Fr. Mangalan Sebastian |
| 22-Apr-13 | MON | Rev. Fr. Maramattam Xavier |
| 23-Apr-13 | TUE | Rev. Fr. Mavarayil Shijo |
| 24-Apr-13 | WED | Rev. Fr. Mavunkal Jacob |
| 25-Apr-13 | THU | Rev. Fr. Mechery Anson |
| 26-Apr-13 | FRI | Rev. Fr. Murickananickal Santhosh |
| 27-Apr-13 | SAT | Rev. Fr. Muringakudiyil Biju |
| 29-Apr-13 | MON | Rev. Fr. Nalpathamkalam Sumesh |
| 30-Apr-13 | TUE | Rev. Fr. Nedumpurath Antony |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 7-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 8-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 4-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 5-ാം തീയതി നടത്തപ്പെടുന്നു. മെയ് 6-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതത് ഫൊറോനകളുടെ വിഷൻ ക്യാമ്പ് സമാപിക്കുമ്പോൾ റിസൾട്ട് നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28-ാം തീയതിക്ക് മുമ്പായി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 10-ാതിയ്യതി ഞായറാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 13-ാം തിയ്യതി ശനിയാഴ്ചയാണ്. സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത് ഫൊറോനാ വിശ്വാസപരിശീലന ഡയറക്ടറുടെ നേതൃത്വത്തിലായിരിക്കും. സമയം രാവിലെ 10 മുതൽ 12.30 വരെ.

**ക്ലാസ്സ് VII, X പഠനഭാഗം :** പാഠപുസ്തകം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (പുറപ്പാട് 25-40, മർക്കോസ് 1-16 അദ്ധ്യായങ്ങൾ), പൊതുവിജ്ഞാനം - 10 മാർക്ക്.

**ക്ലാസ്സ് IV പഠനഭാഗം :** പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്

ഉത്തരക്കടലാസുകൾ ഏപ്രിൽ 15 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |

| | |
|---|---|
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 28-ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി പാസ്റ്ററൽ സെന്ററിൽ വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് വിഷൻക്യാമ്പിന്റെ ബ്രോഷർ കാണുക.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| **ഏപ്രിൽ 1 – 2** | വടക്കഞ്ചേരി ഫൊറോന |
| **ഏപ്രിൽ 4 – 5** | മണ്ണാർക്കാട്, മേലാർക്കോട് ഫൊറോനകൾ |
| **ഏപ്രിൽ 8 – 9** | കാഞ്ഞിരപ്പുഴ ഫൊറോന |
| **ഏപ്രിൽ 10 – 11** | പൊന്നംകോട് ഫൊറോന |
| **ഏപ്രിൽ 12 – 13** | താവളം ഫൊറോന (സ്ഥലം: ഫൊറോന പാരിഷ് ഹാൾ) |
| **ഏപ്രിൽ 15 – 16** | മംഗലംഡാം ഫൊറോന |
| **ഏപ്രിൽ 18 – 19** | പാലക്കാട് ഫൊറോന |
| **ഏപ്രിൽ 22 – 23** | തത്തമംഗലം, ഒറ്റപ്പാലം ഫൊറോനകൾ |
| **ഏപ്രിൽ 25 – 26** | ഒലവക്കോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 125 രൂപയാണ് രജി. ഫീസ്.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

പുതിയ വിശ്വാസ പരിശീലന അദ്ധ്യായന വർഷത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരുക്കങ്ങൾ നടത്താനും 2013 ഏപ്രിൽ 23 ന് മൂന്നു വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന ഇപ്പോഴത്തെ ഫൊറോന രൂപതാ കൗൺസിൽ അംഗങ്ങളുടെ കാലാവധി തീരുന്നതിലേക്കുള്ള ഒഴിവിലേക്ക് പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ഫൊറോനാതലത്തിൽ കൗൺസിലുകൾ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും വികാരി, HM, Secretary എന്നിവരാണ് ഫൊറോന കൗൺസിലിൽ സംബന്ധിക്കേണ്ടത്. കൗൺസിലുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 02 ശനി | മേലാർകോട് ഫൊറോന<br>(2.30 pm to 4.00 pm, ചിറ്റിലഞ്ചേരി പള്ളി) |
| മാർച്ച് 09 ശനി | പാലക്കാട് ഫൊറോന<br>(10.00 am to 12.00 pm, പാസ്റ്ററൽ സെന്റർ)<br>തത്തമംഗലം ഫൊറോന<br>(2.30 pm to 4.00 pm, ഫൊറോന പള്ളി) |
| മാർച്ച് 16 ശനി | താവളം ഫൊറോന<br>(2.30 am to 4.00 pm, ഫൊറോന പള്ളി) |
| മാർച്ച് 23 ശനി | ഒറ്റപ്പാലം ഫൊറോന<br>(2.30 am to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 6 ശനി | ഒലവക്കോട് ഫൊറോന<br>(10.00 am to 12.00 pm, ഫൊറോന പള്ളി)<br>പൊന്നംകോട് ഫൊറോന<br>(2.30 pm to 4.00 pm, ഫൊറോനപള്ളി) |
| ഏപ്രിൽ 13 ശനി | മണ്ണാർക്കാട് ഫൊറോന<br>(10.00 am to 12.00 pm, ഫൊറോന പള്ളി)<br>കാഞ്ഞിരപ്പുഴ ഫൊറോന<br>(2.30 pm to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 20 ശനി | മംഗലംഡാം ഫൊറോന<br>(10.00 am to 12.00 pm, ഫൊറോന പള്ളി)<br>വടക്കഞ്ചേരി ഫൊറോന<br>(2.30 pm to 4.00 pm, ഫൊറോന പള്ളി) |

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള (കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 4-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരിക്ഷാ ഏപ്രിൽ 1-ാം തിയ്യതി

തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.

**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാ സ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലി സ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യ നിർണ്ണയം ഏപ്രിൽ 12-ാം തിയ്യതി വെള്ളിയാഴ്ച **10.00 am** മുതൽ **4.00 pm** വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തിക മാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**X & II[nd] HDC റാങ്ക് ജേതാക്കൾ**

2012-2013 അദ്ധ്യായന വർഷത്തിലെ 10,12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളുടെ പേര് താഴെ കൊടുക്കുന്നു.

**X[th]**

| | | | |
|---|---|---|---|
| I Rank | സെബിൻ തോമസ് | തത്തമംഗലം | 72/75 |
| II Rank | ആതിര തോമസ് | പാലക്കയം | 71/75 |
| III Rank | സോഫി സുനിൽ | പൂഞ്ചോല | 68/75 |

**II HDC**

| | | | |
|---|---|---|---|
| I Rank | മരിയ അലക്സ് | കഞ്ചിക്കോട് | 78/80 |
| II Rank | സോണിയ തോമസ് | നീതിപുരം | 75/80 |
| III Rank | അന്ന മരിയ ജോർജ്ജ് | ചിറ്റൂർ | 74/80 |

റാങ്ക് ജേതാക്കൾക്കും അവരെ പരിശീലിപ്പിച്ച വികാരിയച്ചന്മാർക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വിശ്വാസപരിശീലനവേദിയുടെ അഭിനന്ദനങ്ങൾ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 29-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 30-നും ആയിരിക്കും.

**പഠനഭാഗം**

ലേവ്യർ 1-14, ലൂക്കാ 1-12, യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

**അവാർഡ് ദിനം**

ലോഗോസ് ബൈബിൾ ക്വിസ്സിന്റെ അവാർഡ് ദിനം വരുന്ന വർഷം ജനുവരി രണ്ടാം ശനിയാഴ്ചയായിരിക്കും.

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

അൾത്താരസംഘം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെട്ടു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും. പ്രസ്തുത മീറ്റിംഗിൽ വച്ച് പുതിയ രൂപതാഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് - | അന്റോണിയോ | പുലാപ്പറ്റ |
| വൈസ് പ്രസിഡണ്ട് - | ഡെന്നി | കേരളശ്ശേരി |
| സെക്രട്ടറി - | റ്റിജോ | ചുള്ളിയാംകുളം |
| ജോയിന്റ് സെക്രട്ടറി - | പ്രജിത്ത് | വടക്കഞ്ചേരി |
| ട്രഷറർ - | ഷിനോയ് | പൊന്നങ്കോട് |

**ABA കിറ്റ്**

ഇടവകകളിൽ അൾത്താരസംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള കിറ്റ് ഇനിയും വാങ്ങാത്തവർ വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും എത്രയും പെട്ടെന്ന് കൈപ്പറ്റേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം



## തിരുബാലസഖ്യം

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ

| | | |
|---|---|---|
| സി. ടിസി ഒ.പി. (തച്ചമ്പാറ) | - | ആനിമേറ്റർ |
| അജിൻ ഫ്രാൻസിസ് (ഗുളിക്കടവ്) | - | പ്രസിഡന്റ് |
| സ്നേഹ സനോജ് (ചുള്ളിയാംക്കുളം) | - | വൈസ് പ്രസിഡന്റ് |
| സാന്ദ്ര റോസ് (ഒറ്റപ്പാലം) | - | സെക്രട്ടറി |
| ആൽബിൻ ബിജു (തത്തമംഗലം) | - | ജോ. സെക്രട്ടറി |

**വിജയാശംസകൾ**

കുട്ടികൾക്ക് പരീക്ഷാക്കാലമാണല്ലോ. എല്ലാ വിജയാശംസകളും ദൈവാനുഗ്രവും നേരുന്നു.

**ഫാ. ജോമി തേക്കുംകാട്ടിൽ**

ഡയറക്ടർ തിരുബാലസഖ്യം

## കെ. സി. വൈ. എം

**ക്രൂശിതനോട് കൂടെ**

മാർച്ച് 23 ശനിയാഴ്ച രൂപതയിലെ യുവജനങ്ങൾ ഒലവക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ നോമ്പുകാല ചൈതന്യവുമായി മുണ്ടൂർ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ഒരുമിച്ചു കൂടുന്നു. രാവിലെ 9.30ന് ആരംഭിക്കുന്ന പരിപാടിയിൽ നോമ്പുകാല ധ്യാനം, ആരാധന, കുമ്പസാരം, കുരിശിന്റെ വഴി തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. രൂപതയിലെ മുഴുവൻ യുവജനങ്ങളേയും പ്രസ്തുത പരിപാടിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## KCYM വാർഷിക സെനറ്റ്

കെ.സി.വൈ.എം. 2012 പ്രവർത്തന വർഷത്തിലെ പ്രവർത്തനങ്ങളെ വലയിരുത്തുന്നതിനും 2013 പ്രവർത്തന വർഷത്തിലെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും വേണ്ടി ഫെബ്രുവരി 23, 24 തിയതികളിൽ പാസ്റ്ററൽ സെൻററിൽ വെച്ച് വാർഷിക സെനറ്റ് നടന്നു. ഫെബ്രുവരി 23 ന് വൈകിട്ട് 5 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുകയും 6 മണിക്ക് ബഹു. പ്രസിഡന്റ് ശ്രീ. ക്ലിന്റോ പോൾ പതാക ഉയർത്തി സെനറ്റിന് ആരംഭം കുറിക്കുകയും ചെയ്തു. പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭി. മാർ ജേക്കബ് മനത്തോടത്ത് പിതാവ് സെനറ്റ് സന്ദർശിച്ച് സന്ദേശം നൽകി.

ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ബൈബിൾ പ്രതിഷ്ഠയോടെ ഉദ്ഘാടനസമ്മേളനം ആരംഭിച്ചു. ബഹു. ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ (യുവക്ഷേത്ര കോളേജ് ഡയറക്ടർ) സെനറ്റ് ഉദ്ഘാടനം ചെയ്തു. ബഹു. രൂപതാ പ്രസിഡന്റ് ശ്രീ. ക്ലിന്റോ പോൾ ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനത്തിന് ബഹു. ഡയറക്ടർ ആമുഖപ്രഭാഷണവും ബഹു. ആനിമേറ്റർ സി. കാതറിൻ ഒ.പി., മുൻ രൂപത പ്രസിഡന്റ് ശ്രീ. പ്രിൻസ് കളമ്പുക്കാട്ടിൽ എന്നിവർ ആശംസകളും അറിയിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സംഗീത് മാർട്ടിൻ സ്വാഗതവും സെക്രട്ടറി കുമാരി അനുമോൾ ജോസ് നന്ദിയും രേഖപ്പെടുത്തി. സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിങ്ങ്സെഷന് കുമാരി അന്നു ചെറിയാൻ, കുമാരി ഫ്രിൻസി ഫ്രാൻസീസ് എന്നിവർ നേതൃത്വം കൊടുത്തു.

24 ന് രാവിലെ 6 മണിക്ക് ഡയറക്ടർ അച്ചൻ വി. കുർബാനയ്ക്ക് നേതൃത്വം നല്കി. തുടർന്ന് രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സംഗീത് മാർട്ടിൻ റിപ്പോർട്ടും രൂപതാ ട്രഷറർ ശ്രീ. സെബിൻ കണക്കും അവതരിപ്പിച്ചു. തുടർന്ന് സെനറ്റ് അവ പാസാക്കുകയും ചെയ്തു. പ്രസിഡന്റ് ശ്രീ ക്ലിന്റോ പോൾ രൂപതാ സമിതിയ്ക്കു നന്ദി പറഞ്ഞു. പാലക്കാട് ഫൊറോനയുടെ ഡയറക്ടർ ബഹു. ഫാ. സീജോ കാരിക്കാട്ടിൽ ക്ലാസ്സ് എടുത്തു. തുടർന്ന് ഗ്രൂപ്പ് തിരിച്ച് സംഘടനാചർച്ചക്കായി ഓരോ വിഷയം ചർച്ചയ്ക്കായി നൽകുകയും ചെയ്തു.

2013 പ്രവർത്തനവർഷത്തിലെ ഭാരവാഹികൾ ബഹു. ഡയറക്ടർ അച്ചന്റെയും ആനിമേറ്റർ സി. കാതറിൻ ഒ.പി.യുടെയും നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ടു.

സെനറ്റിലേയ്ക്ക് യുവജനങ്ങളെ പറഞ്ഞയച്ച എല്ലാ ഫൊറോന, യൂണിറ്റ് ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും ഹൃദയം നിറഞ്ഞ നന്ദി. സെനറ്റ് വിജയകരമാക്കാൻ സഹായിച്ച ഏവർക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**2013 ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ. ക്ലിന്റോ പോൾ (പാലക്കാട് ഫൊറോന) |
| വൈസ് പ്രസിഡന്റ് | : ശ്രീ. ഷിജു കുര്യൻ (പൊന്നംകോട് ഫൊറോന) |
| | : കുമാരി. അന്നുചെറിയാൻ (കാഞ്ഞിരപ്പുഴ) |
| ജനറൽ സെക്രട്ടറി | : ശ്രീ സംഗീത് മാർട്ടിൻ (മണ്ണാർക്കാട്) |
| സെക്രട്ടറി | : ശ്രീ റെജി ഡൊമിനിക്ക് (വടക്കഞ്ചേരി) |
| | : കുമാരി ക്രിസ്റ്റി, കുമാരി സുസ്മി (പൊന്നംകോട്) |
| ട്രഷറർ: | : ശ്രീ ലിജോ (ഒറ്റപ്പാലം) |
| സംസ്ഥാന സിന്റിക്കേറ്റ് | : ശ്രീ. പ്രിൻസ് കളമ്പുക്കാട്ടിൽ (മണ്ണാർക്കാട്) |
| മെമ്പർ | : കുമാരി അനീറ്റ സഖറിയ (ഒലവക്കോട്) |
| സെനറ്റ് മെമ്പർ | : ശ്രീ. ജോമി (ഒലവക്കോട്) |
| | : ശ്രി. സെബിൻ ജോസ് (മംഗലംഡാം |

പുതിയ രൂപതാ സമിതിയ്ക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

# മാതൃസംഘം

**പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകാമറിയത്തിൽനിന്നുമുള്ള ഈശോയുടെ മനുഷ്യാവതാരത്തിലുള്ള വിശ്വാസം**

മാർച്ച് 31 : യൂണിറ്റ് അഫിലിയേഷൻ 250 രൂപ, ഫൈനോടുകൂടി

ഫിയാത്ത് 2013 : സീനിയർ അമ്മമാരുടെ യൂണിറ്റ് സംഗമം (55 വയസ്സിനു മുകളിലുള്ളവർ)

മാർച്ച് 19 : പിതൃദിനാഘോഷങ്ങൾക്ക് അമ്മമാരുടെ പങ്കാളിത്തം

**പഠനം :** വാഴ്ത്തപ്പെട്ട ദൈവസഹായം പിള്ള

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# ഫാമിലി അപ്പോസ്തലേറ്റ്

## പ്രീകാന കോഴ്സ്

**2013 മാർച്ച് 4, 5, 6, 7** തിയ്യതികളിൽ **2013 ഏപ്രിൽ 1, 2, 3, 4** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



# കുടുംബകൂട്ടായ്മ

**1. ഒറ്റപ്പാലം ഫൊറോന**

ഫെബ്രുവരി 16-ാം തിയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ ഒറ്റപ്പാലം ഫൊറോന പള്ളിയിൽ വച്ച് ഫൊറോന വികാരി ബഹു. ഡേവിസ് ചക്കുംപീടിക അച്ചന്റെ അദ്ധ്യക്ഷതയിൽ ഫൊറോന കൗൺസിൽ കൂടി. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി രൂപത ജനറൽ സെക്രട്ടറി ശ്രീ. സെസിൽ അബ്രാഹം എന്നിവർ നേതൃത്വം കൊടുത്തു. ഫൊറോനയുടെ പുതിയ ഭാരവാഹികളായി ശ്രീ ജോസഫ് കാട്ടൂപറമ്പിൽ (പ്രസിഡന്റ്), ശ്രീ. ജേക്കബ് കൈതമറ്റം (വൈസ് പ്രസിഡന്റ്), ശ്രീ സാബു സെബാസ്റ്റ്യൻ നെടികാലായിൽ (സെക്രട്ടറി), ശ്രീ. ജോർജ്ജ് പനകുടിയിൽ (ജോയിന്റ് സെക്രട്ടറി), ശ്രീ സെബാസ്റ്റ്യൻ കുറ്റിയാനിയിൽ (ട്രഷറർ), ശ്രീ സെസിൽ കാവനാൽ (ആനിമേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

**2. ഒലവക്കോട് ഫൊറോന**

ഒലവക്കോട് ഫൊറോന കുടുംബകൂട്ടായ്മ യൂണിറ്റ് പ്രസിഡന്റുമാരുടെ ഒരു യോഗം 16-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ ഫൊറോന വികാരി ബഹു. കൊച്ചുപറമ്പിൽ ജോസച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ഫൊറോന പ്രസിഡന്റ് ജോയി പതിക്കാട്ടിൽ (പുലാപ്പറ്റ) എല്ലാവരെയും സ്വാഗതം ചെയ്തു. കുടുംബസമ്മേളന യൂണിറ്റ് ഭാരവാഹികളുടെ ഏകോപനസമിതി രൂപീകരിക്കാത്ത ഇടവകകളിൽ കഴിവതും വേഗം സമിതി രൂപീകരിക്കാൻ ഫൊറോന നേതൃത്വത്തെ ഭരമേല്പ്പിച്ചു. കുടുംബസമ്മേളനങ്ങളിൽ ചർച്ചചെയ്യാനുള്ള ലഘുരേഖകൾ അതാതു യൂണി

റ്റുകളിൽ എത്തിക്കാൻ ഓരോ ഇടവകയിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുത്തു. ഏപ്രിൽ 6 ന് രൂപതാ തലത്തിൽ സംഘടിപ്പിക്കുന്ന 'വിശ്വാസ നേതൃത്വ കൂട്ടായ്മ' വിജയിപ്പിക്കാൻ എല്ലാ ഭാരവാഹികളെയും പങ്കെടുപ്പിക്കണമെന്ന് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി ഓർമ്മിപ്പിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗവും ഒറ്റപ്പാലം ഫൊറോന പ്രസിഡന്റുമായ ജോസഫ് കാട്ടുപറമ്പിൽ സംബന്ധിച്ചു. ഫൊറോന സെക്രട്ടറി ശ്രീ. അലക്സ് മുക്കാട്ടുക്കുന്നേൽ നന്ദി പറഞ്ഞു.

**3. പൊന്നംകോട് ഫൊറോന**

ഫെബ്രുവരി 23 നു രാവിലെ 10 മുതൽ 12 വരെ പൊന്നംകോട് ഫൊറോന കൗൺസിൽകൂടി. ഫൊറോന പ്രസിഡന്റ് ശ്രീ രാജു മംഗലി അദ്ധ്യക്ഷനായിരുന്നു. രൂപതാ പ്രസിഡന്റ് ശ്രീ ലോറൻസ് കെ.പി നേതൃത്വം കൊടുത്തു. ഏപ്രിൽ 6 ന് സംഘടിപ്പിക്കുന്ന വിശ്വാസ നേതൃത്വകൂട്ടായ്മയെപ്പറ്റി രൂപത ഡയറക്ടർ ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി സംസാരിച്ചു. ഇടവകകളിൽ യൂണിറ്റ് ഭാരവാഹികളുടെ ഏകോപന സമിതി രൂപീകരിക്കാൻ ഫൊറോന സമിതിയിൽ നിന്നും ഓരോ ഇടവകക്കും പ്രതിനിധികളെ തിരഞ്ഞെടുത്തു.

**4. കാഞ്ഞിരപ്പുഴ ഫൊറോന**

കാഞ്ഞിരപ്പുഴ ഫൊറോന വികാരി ബഹു. ജീജോ ചാലക്കലച്ചന്റെ അദ്ധ്യക്ഷതയിൽ ഫൊറോന സമിതികൂടി. ഫൊറോന പ്രസിഡന്റ് ശ്രീ. ജോജു വടക്കുംഞ്ചേരി സ്വാഗതം പറഞ്ഞു. ഇടവകകളിൽ യൂണിറ്റ് ഭാരവാഹികളെ ഉൾപ്പെടുത്തി ഏകോപനസമിതി രൂപീകരിക്കാൻ ഫൊറോന നേതൃത്വത്തെ ഏല്പ്പിച്ചു.

**5. ഫൊറോന കൗൺസിലുകൾ**

ബാക്കി ഫൊറോനകളിൽ താഴെ പറയുന്ന ദിവസങ്ങളിലാണ് ഫൊറോന കൗൺസിൽ. ഓരോ ഇടവകയിലേയും, എല്ലാ യൂണിറ്റു പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുക്കണം.

| തിയ്യതി | സമയം | സ്ഥലം |
|---|---|---|
| മാർച്ച് 2 (ശനി) | 10–12 | അട്ടപ്പാടി (ഫൊറോന പള്ളി) |
| മാർച്ച് 9 (ശനി) | 10–12 | വടക്കഞ്ചേരി (ഫൊറോനപള്ളി) |
| | 3 – 5 | മംഗലംഡാം (ഫൊറോനപള്ളി) |
| മാർച്ച് 16(ശനി) | 10–12 | തത്തമംഗലം (ഫൊറോന പള്ളി) |
| | 3 – 5 | മേലാർക്കോട് (ചിറ്റിലഞ്ചേരി പള്ളി) |
| മാർച്ച് 23 (ശനി) | 10–12 | മണ്ണാർക്കാട് (ഫൊറോന പള്ളി) |
| | 3 – 5 | പലക്കാട് (ഫൊറോന പള്ളി) |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, കുടുംബക്കൂട്ടായ്മ



## സെമിനാരി വാർത്തകൾ

രൂപതയിലെ ദൈവവിളി ധ്യാനം ഏപ്രിൽ 1 തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ ഏപ്രിൽ 5 വെള്ളിയാഴ്ച രാവിലെ 10 മണിവരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. ഈ വർഷം പത്താംക്ലാസ്സ്, +2, ഡിഗ്രി പരീക്ഷ എഴുതിയിരിക്കുന്നവർക്കും മുൻപ് പാസ്സായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ മാർച്ച് 15 ന് മുമ്പായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ. കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ചെറുപട്ടങ്ങളും, വൈദികവസ്ത്ര സ്വീകരണവും**

കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് മാർച്ച് 23 ശനിയാഴ്ച രാവിലെ 7.30ന് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മ്ശംശാന, ഹെവ്പ്പദിയാക്ന, കാറോയ പട്ടങ്ങളും വൈദികവസ്ത്ര സ്വീകരണവും നടത്തപ്പെടുന്നു. അർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**സമ്മർ കാറ്റിക്കിസം**

ഇടവകകളിൽ ഇന്റൻസീവ് കാറ്റിക്കിസത്തിനായി നമ്മുടെ വൈദിക വിദ്യാർത്ഥികളെ ആവശ്യമുള്ളവർ മാർച്ച് 15ന് മുമ്പായി ക്ലാസ്സുകളുടെ തിയ്യതിയും ആവശ്യമുള്ള ബ്രദേഴ്സിന്റെ എണ്ണവും മൈനർ സെമിനാരി റെക്ടറെ അറിയിക്കേണ്ടതാണ്. ബ്രദേഴ്സിന്റെ ലഭ്യത അനുസരിച്ച് ആവശ്യമുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ഏപ്രിൽ 1 മുതലുള്ള തിയ്യതികളിലാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്.

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി കല്ലേപ്പുള്ളി

## സി. എൽ. സി

ഏറ്റവും വലിയ ത്യാഗത്തോടെ ഓരോ സി.എൽ.സി.യനും ഈ നോമ്പിൽ സ്വയം നവീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പ്രാർത്ഥനയോടെയും കഴിയുംവിധത്തിലുള്ള കൊച്ചുത്യാഗപ്രവൃത്തികളിലൂടെയും നമ്മളെത്തന്നെ നവീകരിക്കാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ. നാല്പത്

ദിനരാത്രങ്ങൾ ഉപവസിച്ച് പ്രാർത്ഥനയിലൂടെ ദൈവീകശക്തിയാൽ നിറഞ്ഞ് ഈശോയെപ്പോലെ അവിടുത്തെ സഹനങ്ങളോടെ നമ്മെ ചേർത്ത് നിർത്തിക്കൊണ്ട് ദൈവാരൂപിയാൽ നിറയാനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം. പരി. കന്യകാമറിയം അതിന് നിങ്ങളെ സഹായിക്കട്ടെ.

**ഫാ. മാർട്ടിൻ കളമ്പാടൻ**

ഡയറക്ടർ,

# മദ്യവിരുദ്ധസമിതി

**അറിയിപ്പുകൾ**

1. ഫെബ്രുവരി 1,2,3 തിയതികളിൽ എറണാകുളം പി.ഒ.സി യിൽ വച്ചു നടന്ന കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ ജനറൽബോഡി മീറ്റിങ്ങിൽ പാലക്കാട് രൂപതയിൽ നിന്നും ആറ് പേർ പങ്കെടുത്തു. നമ്മുടെ രൂപതയുടെ ഈ മേഘലയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സംസ്ഥാന സമിതി റിപ്പോർട്ടിലും സൂചിപ്പിക്കുകയുണ്ടായി.
2. മാർച്ച് 30, രൂപതാസമിതി രൂപീകരണം. ഇനിയും ഫൊറോനഭാരവാഹികളെ തിരഞ്ഞെടുക്കാത്ത ഫൊറോനകളിൽ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ ഫൊറോന ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ. മാർച്ച് 30 ന് നടക്കുന്ന രൂപതാതല മീറ്റിങ്ങിൽ ഫൊറോനതലഭാരവാഹികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. സമയം രാവിലെ 10 മുതൽ വൈകീട്ട് 3 മണി വരെ.

**മദ്യവിരുദ്ധസമിതിയുടെ മാർഗ്ഗരേഖ**

മദ്യവിരുദ്ധസമിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഭയുടെ മദ്യവിരുദ്ധമാർഗ്ഗരേഖ കെ.സി.ബി.സി തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്ത വിവരം അറിയിക്കുക. മദ്യവിരുദ്ധസിതിയ്ക്ക് ലഭിച്ച അംഗീകാരമായും സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഏറെ പ്രസക്തിയുമുണ്ട് എന്നതിന്റെ ഓർമ്മപ്പെടുത്തലുമാണ് ഈ മാർഗ്ഗരേഖ.

" മദ്യപർ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യുന്നു" സുഭാ: 31.5

**ഫാ. ജിജോ പാറയിൽ**

ഡയറക്ടർ, മദ്യവിരുദ്ധസമിതി



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| മാർച്ച് | 03-08 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മാർച്ച് | 10-15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 17-21 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 21-24 | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് 31 - ഏപ്രിൽ 05 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

മാർച്ച് 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

## സാമൂഹ്യസേവനങ്ങൾക്കായുള്ള നോമ്പുകാലപരിത്യാഗം

നമ്മുടെ രുപതയുടെ ഔദ്യോഗിക സാമൂഹ്യസേവന വിഭാഗമായ പീപ്പിൾസ് സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് രൂപതാ വിശ്വാസസമൂഹം നല്കുന്ന പ്രാർത്ഥനക്കും പിന്തുണക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സദയുടെ സാമൂഹ്യപ്രവർത്തനങ്ങൾ വിശ്വാസ സാമൂഹത്തിന്റെ ദൈവാരാധയുടെ ഭാഗമാണല്ലോ. നോമ്പുകാലത്തെ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും നമ്മുടെ സാമുഹ്യപ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തണമെന്ന് അപേക്ഷിക്കുന്നു. ബഹു.വികാരിയച്ചൻമാർ മാർച്ച് 25-ാം തിയ്യതി ക്രിസം മാസ്സിന് വരുമ്പോൾ നമ്മുടെ സാമൂഹ്യപ്രവർത്തങ്ങൾക്കയുള്ള നോമ്പുകാല തുക ഡയറക്ടർ അച്ചനെ ഏല്പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## PSSP ജനറൽ ബോഡി രൂപികരണം

പി.എസ്.എസ്.പി.യുടെ അടുത്ത 3 വർഷത്തേക്കുള്ള ജനറൽ ബോഡി രൂപകരിക്കന്നതിനായി ബഹു: വികാരിയച്ചൻമാർ ഇടവകയിൽ നിന്നും സാമൂഹ്യ പ്രതിബന്ധതയുള്ള ഒരു സ്ത്രിയേയും പുരുഷനേയും തിരഞ്ഞെടുത്ത ഫൊറോന സമിതിയിലേക്ക് അയക്കേണ്ടതാണ്. ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചൻമാർ തിരഞ്ഞെടുക്കപ്പെട്ട ഫൊറോനസമിതി വിളിച്ചുകുട്ടി ഒരു സ്ത്രിയേയും പുരുഷനെയേയും തിരഞ്ഞെടുക്കുകയും ഇവരുടെ പേരുകൾ ഫൊറോനയിൽ നിന്നും ജനറൽബോഡിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 2 വികാരിയച്ചൻമാരുടെ പേരുകളോടൊപ്പം മാർച്ച് 15-ാം തിയ്യതിക്ക് മുമ്പായി പി.എസ്.എസ്.പി. എക്സിക്യൂട്ടിവ് സെക്രട്ടറിയെ ഏല്പ്പിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

## മെഡിക്ലെയിം

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു

വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മൈനോരിറ്റി ഗ്രൂപ്പുകൾ**

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ പാലക്കാട് ജില്ലയിൽ ക്രിസ്ത്യൻ, മുസ്ലീം, ഒ.ബി.സി. എന്നിവരെ (80%) ഉൾപ്പെടുത്തിക്കൊണ്ട് അയൽക്കൂട്ടങ്ങൾ (ഗ്രൂപ്പുകൾ) പി.എസ്.എസ്.പി. രൂപീകരിക്കുന്നു. കുറഞ്ഞ പലിശക്ക് വായ്പയും മറ്റു ചില ആനുകൂല്യങ്ങളും ലഭിക്കും. താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ PART B ലെ സങ്കേതിക തൊഴിൽ പരിശീലനങ്ങൾ നടപ്പിലാക്കി വരുന്നു. തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി തിരുവിഴാംകുന്ന് മേഖലയിൽപ്പെട്ട ബാച്ചുകളുടെ EDP Training നടത്തപ്പെട്ടു. പാലക്കാട് മേഖലയിലെ പരിശീലനം പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് വിതരണവും പുതിയ ബാച്ചുകളുടെ ഉദ്ഘാടനവും, കൂട്ടു ബാധ്യത സംഘങ്ങളുടെ രൂപീകരണവും, പാലക്കാട് ഡയാറാ സ്ട്രീറ്റിൽവെച്ച് ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ പാലക്കാട് ഡിവിഷൻ DYSP യുടെയും നഗരസഭാ കൗൺസിലർമാരുടയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പ്രസ്തുത പരിപാടിയിൽ പി. എസ്. എസ്. പി. അസി. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ജീവിതമാർഗ്ഗ വികസന ബോധവത്ക്കരണ ക്ലാസ്സ് നൽകി.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**2013 ജനുവരി**

30 – കാണിക്കമാത സ്ക്കൂളിന്റെ വാർഷികദിനാഘോഷത്തോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

31 – ആലത്തൂർ ഹോളിഫാമിലി സ്ക്കൂളിന്റെ വാർഷികദിനാഘോഷത്തോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

**2013 ഫെബ്രുവരി**

1 – തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

2 – ഒലവക്കോട് സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 – കല്ലേക്കാട് ഫാത്തിമ മാതാ ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു.

– കോയമ്പത്തൂർ കാരമട ഗുഡ് ഷെപ്പേർഡ് ദൈവാലയം സന്ദർശിച്ചു. സന്യാസഭവനങ്ങൾ സന്ദർശിച്ചു.

4 – തത്തമംഗലം സെന്റ് മേരീസ് സ്ക്കൂളിന്റെ വാർഷികദിനാഘോഷത്തോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

5 – മണ്ണംപ്പേട്ട അമലോത്ഭവമാതാ ദൈവാലയത്തിൽ ബഹു. ജോസ് ചെനിയറയച്ചന്റെ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

– പരുത്തിക്കാട് പാദുവ റീഹാബിലിറ്റേഷൻ സെന്ററിന്റെ വാർഷികദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

6–7 – മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി കമ്മീഷൻ അംഗങ്ങളോടൊപ്പം സെമിനാരിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

8 – വിദേശത്തേക്ക് പുറപ്പെട്ടു.

9 – ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ നടന്ന രണ്ടാം ശനിയാഴ്ച കൺവെൻഷനിൽ വി. കുർബാനയർപ്പിച്ചു, സന്ദേശം നൽകി.

13 – സ്ഥാനത്യാഗം പ്രഖ്യാപിച്ച ബനഡിക്ട് മാർപാപ്പയെ സന്ദർശിച്ച് കൃതജ്ഞതയും പ്രാർത്ഥനാശംസകളും നേർന്നു.

20 – വിദേശത്തുനിന്ന് തിരിച്ചെത്തി.

21 – സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

22 – എറണാകുളം ലിസി ആശുപത്രിയിൽ ബഹു. ജോൺ അറയ്ക്കലച്ചനെ സന്ദർശിച്ചു.

– തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

23 – പാസ്റ്ററൽ സെന്ററിൽ നവീകരിക്കപ്പെട്ട കപ്പേള വെഞ്ചെരിച്ചു.

24 – പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം. രൂപതാ സെനറ്റ് സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

25 – പനംക്കുറ്റിയിൽ ബഹു. ജോൺ അറയ്ക്കലച്ചന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

26 – രാജഗിരി സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ ബഹു. ജോൺ അറയ്ക്കലച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27 – പി.ഒ.സി.യിൽ കാറ്റികിസം രൂപതാ ഡയറക്ടർമാരുടെയും പ്രതിനിധികളുടെയും സെമിനാറിൽ സംബന്ധിച്ചു.

28 – രാജഗിരി സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ ബഹു. ജോൺ അറയ്ക്കലച്ചന്റെ ഏഴാം ചരമദിനം പ്രമാണിച്ച് വി.കുർബാന യർപ്പിച്ചു.

# yuvakṣhētṛa College

Ezhakkad, Palakkad 678631

Affiliated to the University of Calicut

**An educational project under the Diocese of Palakkad**

## UG courses offered

- B.A. English Literature - 3 years
- B.Com with Computer Applications - 3 years
- BBA (Bachelor of Business Administration)-3 years
- B.Sc. Hotel Management and Catering Science - 3 years
- B.Sc. Hotel Management and Culinary Arts - 3 years
- B.Sc. T.H.M.(Tourism and Hospitality Management) - 3 years

### New Courses 2013-14*

- B.Sc. Geography
- Bachelor of Computer Application (BCA)
- B.Sc. Computer Science
- B.Com Finance
- B.Com Banking & Insurance
- B.A. Mass Communication & Journalism

* *Subject to approval of University of Calicut*

Contact: **9447353638 , 9744437076, 9746440550**

**Yuvakshetra Institute of Management Studies (YIMS)**

**Ezhakkad- Mundur, Palakkad – 678 631**

**E-mail : yuvakshetra@gmail.com, www.yuvakshetra.org**